VOL NO: 06 I ISSUE 48
www.nerpatham.com
mail@nerpatham.com
2022 NOVEMBER 26 I ₹10

# നേർപഥം

വാരിക



## തന്നിഷ്ടങ്ങളെ പിന്തുടർന്നാൽ...

വർണവിവേചനം, വംശീയത, വർഗീയത എന്നിവക്കെതിരെയുള്ള ബോധവത്കരണവും ബഹുസ്വരത, നാനാത്വം, മാനവികത, ഐക്യം എന്നിവയുടെ പ്രഖ്യാപനവുമാണ് ലോക ഫുട്ബോളിന്റെ സന്ദേശം. വിശുദ്ധ മാനവികതയുടെ സന്ദേശം പകർന്ന് തുടക്കം മാനവികമാക്കാൻ ഖത്തറിനും സാധിച്ചു. മനുഷ്യന് മാനസിക ശാരീരിക ഉല്ലാസം നൽകുകയാണ് കായികവിനോദങ്ങളുടെ ലക്ഷ്യം. ആഭാസങ്ങളുടെയും ദുർവ്യയങ്ങളുടെയും തുരുത്തായി കായികമേഖല മാറുന്നതിനെതിരെ കായികപ്രേമികൾ പ്രതിരോധം തീർക്കണം. ഫുട്ബോൾ ആവേശത്തിലൂടെ ദൈവബോധവും ഉത്തരവാദിത്തബോധവും നഷ്ടപ്പെടാതിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കണം.

# ലോകകപ്പ്: കളിയും കാര്യവും വിശ്വാസിയും

|| ഭർത്താവ് മരണപ്പെട്ട സ്ത്രീയുടെ ഇദ്ദ

|| കർണാടക ഹൈക്കോടതി വിധി, സ്ത്രീ വിവേചനം

|| അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം: ഒരു ലഘുപരിചയം




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0305
# നേർപഥം
വാരിക

2022 നവംബർ 26
1444 ജുമാദുൽ ഊല 1
പുസ്തകം 06 / ലക്കം 48




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്‌റ്റോറി
10
ലോകകപ്പ്:
കളിയും കാര്യവും
വിശ്വാസിയും
സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

05
മുഖമൊഴി
തന്നിഷ്ടങ്ങളെ
പിന്തുടർന്നാൽ

06
ലേഖനം
തയമ്മും
ഹുസൈൻ സലഫി

17
ലേഖനം
ഭർത്താവ് മരണപ്പെട്ട
സ്ത്രീയുടെ ഇദ്ദ
ജൗസൽ സി.പി

18
ലേഖനം
അല്ലാഹുവിന്റെ നാമഗുണ
വിശേഷണങ്ങളിലുള്ള വിശ്വാസം;
ഒരു ലഘുപരിചയം
അശ്‌റഫ് അൽഹികമി
ഒറ്റപ്പാലം

22
ആരോഗ്യപഥം
കള്ളം പറയൽ നിയന്ത്രണം
ഡോ. മുനവ്വർ

26
ലേഖനം
കർണാടക
ഹൈക്കോടതി വിധി
സ്ത്രീ വിവേചനം
എസ്. എ. സലാം

31
ക്വുർആൻ ദർശനം
അസ്സുഖ്‌റുഫ്
അബ്ദുർറഹ്മാനുബ്‌നു
നാസിറുസ്സഅ്ദി

34
ചരിത്രപഥം
ഉബയ്യുബ്‌നു കഅ്ബ് (റ)
അബൂഫായിദ

# വിസ്ഡം സ്റ്റുഡന്റ്സ് ലഹരി വിരുദ്ധ കാമ്പയിന് വിപുലമായ തുടക്കം

'ലഹരി: ഒടുങ്ങാതിരിക്കാൻ തുടങ്ങാതിരിക്കാം' എന്ന തലക്കെട്ടിൽ വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച ലഹരി വിരുദ്ധ ക്യാമ്പയിൻ വൈവിധ്യമാർന്ന പദ്ധതികളുമായി മുന്നേറുന്നു.

ലഹരി വിരുദ്ധ പ്രതിജ്ഞ, സന്ദേശ പ്രചരണം, ഡോക്യുമെന്ററി പ്രദർശനം, സോഷ്യൽ മീഡിയകളിലൂടെയും അല്ലാതെയുമുള്ള ബോധവൽക്കരണങ്ങൾ തുടങ്ങി വിവിധ പദ്ധതികളിലൂടെ ആയിരക്കണക്കിന് വിദ്യാർഥികളിലേക്ക് ലഹരി വിരുദ്ധ സന്ദേശം എത്തിക്കുവാനും അവരെ ഉത്ബുദ്ധരാക്കുവാനും ക്യാമ്പയിനിലൂടെ സാധിച്ചു. ലഹരിയുടെ കയത്തിൽ നിന്നും മോചിതനായി പുതുജീവിതത്തിലേക്ക് മടങ്ങിവന്ന വിദ്യാർഥിയുമായി നടത്തിയ അഭിമുഖം കുട്ടികൾക്ക് പുത്തനുണർവ് നൽകുന്നതായി.

വിവിധ രൂപത്തിലുള്ള വലകൾ നെയ്ത് വിദ്യാർഥികളെ കെണിയിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ലഹരി മാഫിയക്കെതിരെ ശബ്ദിക്കുവാനും തുടക്കത്തിലേ അത്തരം സാഹചര്യങ്ങളെ ഇല്ലായ്മ ചെയ്ത് അവയോട് നോ പറയാനും വിദ്യാർഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ ക്യാമ്പയിനിന്റെ ആത്യന്തിക ലക്ഷ്യം എന്ന് വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവിച്ചു. ■

# സ്വതന്ത്ര്യവാദം യുവതയെ ലഹരിയിൽ തളച്ചിടുന്നു: വിസ്ഡം ഡയലോഗ്

നിലമ്പൂർ : ലഹരിയുടെ വ്യാപകമായ ഉപയോഗവും പ്രണയപ്പകയും കൊലപാതകങ്ങളും നാടിനെ ഭയപ്പെടുത്തുമ്പോൾ അതിന് ദാർശനിക മാനം നൽകുന്നത് അതിരുകളില്ലാത്ത സ്വതന്ത്രവാദമാണെന്നും പുരോഗമന നാട്യക്കാരെ തിരിച്ചറിയണമെന്നും വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി നിലമ്പൂരിൽ സംഘടിപ്പിച്ച ഡയലോഗ് ദൈഷണിക സമ്മേളനം അഭിപ്രായപ്പെട്ടു.

യൂറോപ്പും അമേരിക്കയും ചവച്ചു തുപ്പിയ ലിബറൽ മാലിന്യങ്ങൾ വെച്ച് വിളമ്പുകയും ആൺ-പെൺ ദ്വന്ദം നിരാകരിച്ച് മഴവിൽ തോന്നിവാസങ്ങൾക്ക് കുടപിടിക്കുകയും ചെയ്യുകയാണ് സ്വതന്ത്രവാദം. സ്വതന്ത്ര ചിന്താ പ്രസ്ഥാനങ്ങൾ വികസിപ്പിച്ചെടുത്ത മ്യൂച്വൽ കൺസന്റ് തിയറിയാണ് പ്രണയ പകയ്ക്കും കൊലപാതകങ്ങൾക്കും നിദാനം. പവിത്രമായ കുടുംബ സംവിധാനങ്ങൾ പോലും ഉടച്ച് വാർത്ത് സമൂഹത്തിൽ തുല്യതയില്ലാത്ത അപകടങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന മാനവികതയുടെ ശത്രുക്കളെ തിരിച്ചറിയാനാവണം.

സ്ത്രീവിമോചനത്തിന്റെ മുഖമൂടിയണിഞ്ഞ് 'മീടു ക്യാമ്പയിനി'ലൂടെ സ്ത്രീസമൂഹത്തെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിയിടുന്ന സ്വതന്ത്രവാദക്കാരെ ഇനിയും തിരിച്ചറിഞ്ഞില്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും വിസ്ഡം ഡയലോഗ് അഭിപ്രായപ്പെട്ടു. ■

# തന്നിഷ്ടങ്ങളെ പിന്തുടർന്നാൽ...

മനുഷ്യമനസ്സ് നിർവചനങ്ങൾക്കതീതമായ ഒന്നാണ്. വ്യത്യസ്തമായ ആഗ്രഹങ്ങൾ അതിൽ നിരന്തരം ഉടലെടുക്കുന്നു. ചിലപ്പോൾ നല്ല ആഗ്രഹങ്ങൾ, ചിലപ്പോൾ മോശം ആഗ്രഹങ്ങളും. പൊതുവെ തിന്മയോടായിരിക്കും അതിന് ആഭിമുഖ്യം. ഇഹലോകത്തിന്റെ വർണപ്പൊലിമയും ആസ്വാദനങ്ങളും മനസ്സിനെ വല്ലാത സ്വാധീനിക്കുന്നതാണ്. പിശാചാകട്ടെ അതിന് സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നവനുമാണ്. ഇബ്‌ലീസ് പറഞ്ഞതായി ക്വുർആനിൽ ഇങ്ങനെ കാണാം: "...ഭൂലോകത്ത് അവർക്കു ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽനിന്ന് നിന്റെ നിഷ്‌കളങ്കരായ ദാസൻമാരൊഴികെ" (15:39,40).

ആത്മാർഥതയില്ലാത്തവരെ പെട്ടെന്നുതന്നെ വഴിപിഴപ്പിക്കുവാൻ പിശാചിന് സാധിക്കും. തിന്മകൾ ചെയ്യാനുള്ള പ്രേരണ അവൻ മനസ്സിലുണ്ടാക്കും. അങ്ങനെ മനസ്സിന്റെ ചീത്തയായ ഇച്ഛകൾക്കനുസരിച്ച് മനുഷ്യൻ ജീവിക്കും. അല്ലാഹു പറയുന്നു: "തന്നിഷ്ടത്തെ നീ പിന്തുടർന്നു പോകരുത്. കാരണം അത് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് നിന്നെ തെറ്റിച്ചുകളയും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിപ്പോകുന്നവരാരോ അവർക്ക് തന്നെയാകുന്നു കഠിനമായ ശിക്ഷയുള്ളത്..."(38:26).

"ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽനിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?..."(28:50).

നബി(സ്വ) പറഞ്ഞു: "തന്റെ ദേഹത്തെ കീഴ്‌പ്പെടുത്തുകയും മരണത്തിനു ശേഷമുള്ളതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തവനാണ് ബുദ്ധിമാൻ. തന്റെ ദേഹത്തെ അതിൻെറ ഇച്ഛയെ പിന്തുടരാൻ വിട്ടുകൊണ്ട് അല്ലാഹുവിനെപ്പറ്റി ആഗ്രഹങ്ങൾ വച്ചുപുലർത്തുന്നവനാണ് ദുർബലൻ" (അഹ്മദ്, തിർമിദി, ഇബ്‌നുമാജ).

അല്ലാഹുവാണ് എല്ലാത്തിന്റെയും സർവാധികാരിയെന്നും അവങ്കലേക്കാണ് എല്ലാവർക്കും മടങ്ങിച്ചെല്ലേണ്ടതെന്നുമുള്ള ബോധം മനുഷ്യർക്ക് വേണം. ഈ ബോധമില്ലാത്തവർ അല്ലാഹുവിനെ കണക്കാക്കേണ്ടതുപോലെ കണക്കാക്കില്ല. അല്ലാഹു തൃപ്തിപ്പെടുന്നതോ വെറുക്കുന്നതോ; പ്രതിഫലാർഹമോ ശിക്ഷാർഹമോ എന്നൊന്നും നോക്കാതെ സ്വന്തം ഇച്ഛാനുസരണമാണ് ഇങ്ങനെയുള്ളവർ ഓരോരോ കാര്യങ്ങൾ ചെയ്യുക. സത്യനിഷേധവും സൃഷ്ടിപൂജയുമെല്ലാം അല്ലാഹുവിനെ മനസ്സിലാക്കേണ്ടതുപോലെ മനസ്സിലാക്കാതിരിക്കുന്നതിന്റെ അടയാളമാണ്. അല്ലാഹു പറയുന്നു:

"ഒരു മനുഷ്യന്നും അല്ലാഹു യാതൊന്നും അവതരിപ്പിച്ചുകൊടുത്തിട്ടില്ല എന്നു പറഞ്ഞ സന്ദർഭത്തിൽ അല്ലാഹുവെ വിലയിരുത്തേണ്ട മുറപ്രകാരം വിലയിരുത്താതിരിക്കുകയാണ് അവർ ചെയ്തത്..."(6:90).

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻെറ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ. അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു'' (22:73,74).

തന്നിഷ്ടങ്ങളെ അവഗണിച്ച് സ്രഷ്ടാവിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കുന്നവർക്കാണ് ആത്യന്തിക വിജയം: "അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽനിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ, (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (79:40,41).




# തയമ്മും

ഹുസൈൻ സലഫി
: +971 50 634 6963

വെള്ളം ഉപയോഗിക്കാൻ പറ്റാത്ത രോഗിയാണെങ്കിൽ വുദൂഇനും കുളിക്കും പകരം തയമ്മും ചെയ്യാവുന്നതാണ്. ഇത് ഇസ്‌ലാം നൽകിയ ഇളവാണ്. വെള്ളം ഉപയോഗിക്കാൻ തീരെ പറ്റില്ലെന്ന് ഡോക്ടർ പറഞ്ഞു; ഉപയോഗിച്ചാൽ മരണംവരെ സംഭവിച്ചേക്കാം. ഇത്തരം ഘട്ടത്തിൽ വെള്ളം ഉപയോഗിക്കാൻ പാടില്ല. കാരണം അത് സ്വയം അപകടം വരുത്തിവെക്കലാണ്. അല്ലാഹു പറയുന്നു:

“നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു” (സൂറതുന്നിസാഅ്: 29).

നബി(സ്വ)യുടെ കാലത്ത് നടന്ന ഒരു സംഭവം കാണുക: ജാബിർ(റ) നിവേദനം: “ഞങ്ങൾ ഒരു ദൂര യാത്രക്ക് പോയപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽപെട്ട ഒരാൾക്ക് തലയിൽ കല്ലുകൊണ്ട് ശക്തമായ മുറിവ് പറ്റി. അദ്ദേഹത്തിന് സ്വപ്ന സ്ഖലനവും സംഭവിച്ചു; കുളി നിർബന്ധമായി. അദ്ദേഹം ഒപ്പമുള്ള ആളുകളോട് ചോദിച്ചു: ‘എനിക്ക് കുളിക്കുന്നതിന് പകരം തയമ്മും ചെയ്യാൻ വല്ല ഇളവും നിങ്ങൾ കാണുന്നുണ്ടോ?’ അവർ പറഞ്ഞു: ‘നിങ്ങൾക്ക് ഒരു ഇളവുമില്ല.’ (തിരക്കുപിടിച്ച് അവർ മറുപടി പറഞ്ഞു). ‘വെള്ളമുണ്ടല്ലോ, നിങ്ങൾക്ക് വെള്ളമില്ലാത്ത അവസ്ഥയില്ലല്ലോ.’ (വെള്ളമുള്ള സന്ദർഭത്തിൽ തയമ്മും ചെയ്തുകൂടാ എന്ന് പറഞ്ഞപ്പോൾ) ആ മനുഷ്യൻ കുളിച്ചു. (അദ്ദേഹത്തിന് ആ അവസ്ഥയിൽ വെള്ളം ഉപയോഗിക്കാൻ പറ്റില്ലായിരുന്നു). അങ്ങനെ അയാൾ മരിച്ചുപോയി.”

സ്വഹാബത്ത് പറയുന്നു: “യാത്ര കഴിഞ്ഞ് ഞങ്ങൾ നബി(സ്വ)യുടെ അടുക്കൽ മടങ്ങിയെത്തി. ഈ സംഭവം നബി(സ്വ)യോട് പറഞ്ഞപ്പോൾ (വളരെ ഗൗരവത്തോടുകൂടി) നബി(സ്വ) അവരോട് പറഞ്ഞു: ‘അവർ അദ്ദേഹത്തെ കൊന്നുകളഞ്ഞല്ലോ.

അവരെയും അല്ലാഹു കൊന്നുകളയട്ടെ! അവർക്ക് വിവരമില്ലെങ്കിൽ വിവരമുള്ളവരോട് ചോദിക്കാമായിരുന്നില്ലേ? വിവരക്കേടിന്റെ ശിഫാഅ് (ശമനം) ചോദ്യമാണല്ലോ'' (അബൂദാവൂദ്).

### തയമ്മുമിന്റെ സന്ദർഭങ്ങൾ

തയമ്മും ചെയ്യാനുള്ള കാരണം പറഞ്ഞിടത്ത് അല്ലാഹു ആദ്യം തന്നെ പറഞ്ഞത് രോഗികളുടെ കാര്യമാണ്. അല്ലാഹു പറയുന്നു: "...നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ- അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ-എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പുനൽകുന്നവനും പൊറുക്കുന്നവനുമാകുന്നു'' (സൂറതുന്നിസാഅ്:43).

### എന്തുകൊണ്ടാണ് തയമ്മും ചെയ്യേണ്ടത്?

ശുദ്ധമായ ഭൂമിയുടെ ഉപരിതലത്തിൽ എവിടെയും അടിക്കാം. മണ്ണും പൊടിയുമുള്ള ചുമരാണെങ്കിൽ അതിൻമേലും അടിക്കാം.



ഒപ്പം കൊണ്ടുനടക്കാൻ കഴിയുന്നതാണ് ഏറ്റവും നല്ലത്. നബി (സ്വ)യുടെ മറ്റ് ചില വചനങ്ങളുടെ അടിസ്ഥാനത്തിൽ ശുദ്ധമായ മണ്ണ് തന്നെയാണ് ഏറ്റവും ശ്രേഷ്ഠമായത്.

### ആ മണ്ണിൽ എന്താണ് ചെയ്യേണ്ടത്?

നബി(സ്വ) പഠിപ്പിച്ചു തരുന്നു: ശുദ്ധമായ ഭൂമിയുടെ ഉപരിതലത്തിൽ രണ്ട് കൈകളുംകൊണ്ട് അടിക്കുക. എന്നിട്ട് അവകൊണ്ട് മുഖം മുഴുവനും തടവുക. രണ്ട് കൈപ്പടങ്ങളും തടവുക.

കുളിക്ക് പകരമോ വുദൂഇന് പകരമോ തയമ്മും ചെയ്യാം. രണ്ടിനും ഒരേ രൂപത്തിലാണ് തയമ്മും നിർവഹിക്കേണ്ടത്.

നബി(സ്വ)യുടെ കാലത്ത് ഒരു സ്വഹാബി കുളി നിർബന്ധമായ സന്ദർഭത്തിൽ മണ്ണിൽ കിടന്ന് ഉരുണ്ടു. അദ്ദേഹം മനസ്സിലാക്കിയത് കുളിക്ക് പകരം തയമ്മും ചെയ്യുമ്പോൾ ശരീരം മൊത്തം മണ്ണിൽ പുരളണം എന്നാണ്. അദ്ദേഹം നബി(സ്വ)യുടെ അരികിൽ ചെന്ന് കാര്യം പറഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അതിൻെറ ആവശ്യമില്ല. ഇത്രമാത്രം മതി.' എന്നിട്ട് നബി(സ) തയമ്മുമിന്റെ രൂപം കാണിച്ചുകൊടുത്തു. അവിടുത്തെ ഇരു കൈകൾകൊണ്ടും നിലത്തടിച്ചു. എന്നിട്ട് അവകൊണ്ട് മുഖം മുഴുവൻ തടവി. രണ്ട് കൈപ്പടങ്ങളും തടവി.

രണ്ട് അടി അടിക്കണമെന്നും കൈ മുട്ടുവരെ തടവണമെന്നും ചില റിപ്പോർട്ടുകളിൽ കാണാം. എന്നാൽ ഏറ്റവും പ്രബലമായത് ഒരു അടി അടിക്കുക, അതുകൊണ്ട് മുഖം മുഴുവനും തടവുക. (കൈയിൽ പൊടിയുണ്ടെങ്കിൽ ഊതിക്കളഞ്ഞ ശേഷം). അതുപോലെതന്നെ ഇരുകൈപ്പടങ്ങളും തടവുക. ഇത്ര ലളിതമാണ് തയമ്മുമിന്റെ രീതി.

തയമ്മും ചെയ്യേണ്ട അവസ്ഥയിലുള്ള രോഗിയുണ്ടെങ്കിൽ പരന്ന പാത്രത്തിൽ കുറച്ച് മണ്ണ്

**നബി(സ്വ)യുടെ കാലത്ത് ഒരു സ്വഹാബി കുളി നിർബന്ധമായ സന്ദർഭത്തിൽ മണ്ണിൽ കിടന്ന് ഉരുണ്ടു. അദ്ദേഹം മനസ്സിലാക്കിയത് കുളിക്ക് പകരം തയമ്മും ചെയ്യുമ്പോൾ ശരീരം മൊത്തം മണ്ണിൽ പുരളണം എന്നാണ്. അദ്ദേഹം നബി(സ്വ)യുടെ അരികിൽ ചെന്ന് കാര്യം പറഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: 'അതിൻെറ ആവശ്യമില്ല. ഇത്രമാത്രം മതി.' എന്നിട്ട് നബി(സ) തയമ്മുമിന്റെ രൂപം കാണിച്ചുകൊടുത്തു. അവിടുത്തെ ഇരു കൈകൾകൊണ്ടും നിലത്തടിച്ചു. എന്നിട്ട് അവകൊണ്ട് മുഖം മുഴുവൻ തടവി. രണ്ട് കൈപ്പടങ്ങളും തടവി. രണ്ട് അടി അടിക്കണമെന്നും കൈ മുട്ടുവരെ തടവണമെന്നും ചില റിപ്പോർട്ടുകളിൽ കാണാം. എന്നാൽ ഏറ്റവും പ്രബലമായത് ഒരു അടി അടിക്കുക, അതുകൊണ്ട് മുഖം മുഴുവനും തടവുക. (കൈയിൽ പൊടിയുണ്ടെങ്കിൽ ഊതിക്കളഞ്ഞ ശേഷം). അതുപോലെതന്നെ ഇരുകൈപ്പടങ്ങളും തടവുക. ഇത്ര ലളിതമാണ് തയമ്മുമിന്റെ രീതി.**

രോഗി കിടക്കുന്ന കട്ടിലിന്റെ അടിയിൽ വെച്ചാൽ മതി. സമയമാകുമ്പോൾ രോഗിക്ക് സ്വയം തയമ്മും ചെയ്യാം. കഴിയില്ലെങ്കിൽ ചെയ്തുകൊടുക്കാം. പരിചരിക്കുന്ന ആളുടെ രണ്ട് കൈകൊണ്ടും അടിച്ച് രോഗിയുടെ മുഖവും ഇരുകൈപ്പടങ്ങളും തടവിക്കൊടുക്കാം.

കാലോ കൈയോ ഒടിഞ്ഞ് പ്ലാസ്റ്ററിട്ടിരിക്കുന്നു. അല്ലെങ്കിൽ ഓപ്പറേഷൻ കഴിഞ്ഞ് കിടപ്പിലാണ്. മൊത്തമായോ ഭാഗികമായോ പലയിടത്തും ബാന്റേജിട്ടിരിക്കുന്നു, അല്ലെങ്കിൽ മുറിവുണ്ട്. ഇത്തരം ആളുകൾ ശരീരശുദ്ധി വരുത്താൻ എന്താണ് ചെയ്യേണ്ടത്?

**മുറിവുകളുണ്ടെങ്കിൽ നാല് കാര്യങ്ങൾ നാം ശ്രദ്ധിക്കണം:**

1. തുറന്ന മുറിവ് അവയവത്തിൽ കാണും. കഴുകുന്നതിന് കുഴപ്പമില്ലാത്ത മുറിവാണ്. കഴുകുന്നതിൽ ഡോക്ടർ തകരാറൊന്നും പറഞ്ഞിട്ടുമില്ല. എങ്കിൽ കഴുകൽതന്നെയാണ് നിർബന്ധം.
2. തുറന്ന് കാണുന്ന മുറിവുതന്നെയാണ്. പക്ഷേ, കഴുകാൻ പാടില്ല. വെള്ളം നനക്കരുതെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. അപ്പോൾ വെള്ളമുള്ള കൈകൊണ്ട് രോഗിക്ക് വേദനയാകാത്ത നിലയ്ക്ക് തടവുകയാണ് വേണ്ടത്. പിന്നെ കഴുകേണ്ടതില്ല.
3. തുറന്ന് കാണുന്ന മുറിവുതന്നെയാണ്. പക്ഷേ, കഴുകാനും പറ്റില്ല; തടവാനും പറ്റില്ല. അനങ്ങാൻ പറ്റില്ല. എന്തു ചെയ്യും? 'അപ്പോൾ ആ രോഗിക്ക് തയമ്മും ചെയ്തുകൊടുക്കണം.'
4. മുറിവ് കാണുന്നില്ല. കെട്ടിവെച്ചിരിക്കുന്നു. പ്ലാസ്റ്റർ മുഖേനയോ മറ്റോ കെട്ടിവെച്ചതാണെങ്കിൽ അതിൻമേൽ തടവിയാൽ മതി. തയമ്മും വേണ്ടതില്ല.
5. ഇനി തടവാനും കഴിയാത്ത രൂപത്തിലാണെങ്കിൽ ബാക്കിയുള്ള എല്ലാ ഭാഗങ്ങളും കൃത്യമായി കഴുകി ഇസ്‌ലാമികമായ മര്യാദകൾ പാലിച്ച് ആ രോഗിക്ക് വേണ്ടി തയമ്മും ചെയ്യുക.

ഒരു തയമ്മുംകൊണ്ട് ഒരു നിർബന്ധ നമസ്കാരമെ ചെയ്യാവൂ, സുന്നത്തുകൾ എത്രയും നമസ്കരിക്കാം എന്ന അഭിപ്രായം പണ്ഡിത ലോകത്തുണ്ട്. എന്നാൽ പ്രമാണങ്ങളുടെ വെളിച്ചത്തിൽ പ്രമുഖരായ പണ്ഡിതൻമാർ പ്രബലമാണെന്ന് പറഞ്ഞ അഭിപ്രായം തയമ്മും വുദൂവിനെ പോലെത്തന്നെയാണ് എന്നതാണ്. അതായത് ഒരു വുദൂഅ്കൊണ്ട് വുദൂഅ് മുറിയാത്തിടത്തോളം എത്ര ഫർദും നമസ്കരിക്കാമെന്നതുപോലെ ഒരു തയമ്മും മുഖേന ആ തയമ്മും മുറിയാത്തിടത്തോളം കാലം എത്ര ഫർദും നമസ്കരിക്കാം.

**രോഗിയുടെ നമസ്കാരം**

നമസ്കരിക്കുമ്പോൾ അതിന് ചില ശർത്തുകൾ (നിബന്ധനകൾ) ഉണ്ട്. അതിൽ പെട്ടതാണ് നമസ്കരിക്കുന്നവന്റെ ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യങ്ങളിൽനിന്ന് മുക്തമാവണം എന്നത്.

ഒരാൾക്ക് സ്വന്തമായി ശരീരം വൃത്തിയാക്കാൻ കഴിയുന്നില്ല, വസ്ത്രം മാറ്റാൻ കഴിയുന്നില്ല, കിടക്കുന്ന സ്ഥലത്തെ വിരിപ്പ് മാറ്റിയിടാൻ കഴിയുന്നില്ല. ഈ അവസ്ഥയിലുള്ളയാൾക്ക് പരിചരിക്കുന്നവർ അതെല്ലാം ചെയ്തുകൊടുക്കണം.

നമസ്കരിക്കുന്ന സ്ഥലത്ത് മാലിന്യമുണ്ട്. വൃത്തിയാക്കാൻ മാർഗമില്ല. എന്നാൽ അതിൻമേൽ വൃത്തിയുള്ള വേറെ തുണി വിരിച്ചിട്ടെങ്കിലും നമസ്കാരം നിർവഹിക്കണം. പണ്ഡിതൻമാർ പറയുന്നു:

"ശുദ്ധിയില്ല, വൃത്തിയില്ല എന്നു പറഞ്ഞ് നമസ്കാരം ഒഴിവാക്കൽ രോഗിക്ക് അനുവദനീയമല്ല. അവനും അവന്റെ വസ്ത്രവും നമസ്കരിക്കേണ്ട സ്ഥലവും കഴിവിന്റെ പരമാവധി ശുദ്ധീകരിച്ച്, അവന് വൃത്തിയാകാൻ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത സമയത്ത് തയമ്മും ചെയ്തും അതിനും കഴിയാത്ത ഒരു സാഹചര്യമാണെങ്കിൽ എന്താണോ അവന്റെ സ്ഥിതി ആ സ്ഥിതിയിലും നമസ്കാരം നിർവഹിക്കണം."

**ഒരാൾക്ക് സ്വന്തമായി ശരീരം വൃത്തിയാക്കാൻ കഴിയുന്നില്ല, വസ്ത്രം മാറ്റാൻ കഴിയുന്നില്ല, കിടക്കുന്ന സ്ഥലത്തെ വിരിപ്പ് മാറ്റിയിടാൻ കഴിയുന്നില്ല. ഈ അവസ്ഥയിലുള്ളയാൾക്ക് പരിചരിക്കുന്നവർ അതെല്ലാം ചെയ്തുകൊടുക്കണം. നമസ്കരിക്കുന്ന സ്ഥലത്ത് മാലിന്യമുണ്ട്. വൃത്തിയാക്കാൻ മാർഗമില്ല. എന്നാൽ അതിൻമേൽ വൃത്തിയുള്ള വേറെ തുണി വിരിച്ചിട്ടെങ്കിലും നമസ്കാരം നിർവഹിക്കണം. പണ്ഡിതൻമാർ പറയുന്നു: "ശുദ്ധിയില്ല, വൃത്തിയില്ല എന്നു പറഞ്ഞ് നമസ്കാരം ഒഴിവാക്കൽ രോഗിക്ക് അനുവദനീയമല്ല. അവനും അവന്റെ വസ്ത്രവും നമസ്കരിക്കേണ്ട സ്ഥലവും കഴിവിന്റെ പരമാവധി ശുദ്ധീകരിച്ച്, അവന് വൃത്തിയാകാൻ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത സമയത്ത് തയമ്മും ചെയ്തും അതിനും കഴിയാത്ത ഒരു സാഹചര്യമാണെങ്കിൽ എന്താണോ അവന്റെ സ്ഥിതി ആ സ്ഥിതിയിലും നമസ്കാരം നിർവഹിക്കണം.''**

മൂത്രവാർച്ചയുള്ള രോഗിയാണ്. കിടന്ന കിടപ്പിൽതന്നെ മൂത്രം പോവുകയാണ്. മൂത്രം പോകാൻ ട്യൂബിട്ടിരിക്കുകയാണ്. അതിൻെറ സഞ്ചി നീക്കാൻ പറ്റുകയില്ല. ഈ അവസ്ഥയിലും എങ്ങനെയാണോ നമസ്കരിക്കാൻ കഴിയുക, അങ്ങനെ നമസ്കരിക്കണം. എന്നാലും അയാൾ നമസ്കാരം ഒഴിവാക്കാൻ പാടില്ല.

സ്ത്രീകളിൽ സാധാരണയായി കാണപ്പെടുന്ന മൂന്നുതരം രക്തസ്രാവമുണ്ട്; പ്രസവരക്തം, ആർത്തവരക്തം, ഇസ്തിഹാളത്ത് എന്ന് അറബിയിൽ പറയുന്ന അപൂർവമായി ഉണ്ടാകുന്ന ബ്ലീഡിങ്ങ്. ഈ ബ്ലീഡിങ്ങ് എല്ലാ കാലത്തും തുടരുകയാണ്; എങ്കിൽ എന്തു ചെയ്യണം?

ഹംന ബിൻത് ജഹ്ഷി(റ)ന്

ഈ അസുഖമുണ്ടായിരുന്നു. നബി (സ്വ) ഹംന(റ)യോട് പറഞ്ഞു: 'ദുഹ്റിന്റെ സമയമാകുമ്പോൾ അപ്പോൾതന്നെ നമസ്കരിക്കാതെ ദുഹ്റിനെ അസ്വ്റിന്റെ സമയത്തേക്ക് പിന്തിക്കുക.'

ഈ അസുഖമുള്ള സ്ത്രീകൾ, നാലു മണിക്കാണ് അസ്വ്റ് ബാങ്ക് വിളിക്കുന്നതെങ്കിൽ ദുഹ്ർ നമസ്കാരം അസ്വ്റ് ബാങ്ക് കൊടുക്കാൻ അഞ്ച് മിനുട്ട് ഉണ്ടാകുമ്പോൾ നിർവഹിക്കണം. രക്തം ശരീരത്തിൽ വ്യാപിക്കാതിരിക്കാൻ ഭദ്രമായി കെട്ടിവെക്കാൻ ശ്രദ്ധിക്കണം. മൂത്രവാർച്ചക്കാരും മൂത്രം ശരീരത്തിലേക്കും നിസ്കരിക്കുന്ന സ്ഥലത്തേക്കും ആകാതിരിക്കാൻ അത് കെട്ടിവെച്ചും മറ്റും സുരക്ഷിത മാർഗം സ്വീകരിച്ചും ദുഹ്റിന്റെ സമയം അവസാനിക്കാറായ സമയത്ത് അസ്വ്റിന്റെ തൊട്ടുമുമ്പ് നമസ്കരിക്കേണ്ടതാണ്. അത് കഴിഞ്ഞാലുടൻ അസ്വ്റ് ബാങ്ക് വിളിക്കും. ഉടൻ അസ്വ്റും നമസ്കരിക്കുക. (അതുപോലെ) മഗ്രിബ് പിന്തിപ്പിക്കുക. ഇശാഅ് പെട്ടെന്നും നമസ്കരിക്കുക.

മഗ്രിബ് ഉടനെ നമസ്കരിക്കാതെ ഇശാഇന്റെ ബാങ്ക് കൊടുക്കുന്നതിന്റെ തൊട്ടു മുമ്പായി നമസ്കരിക്കുക. ബാങ്ക് വിളിച്ചാലുടൻ ഇശാഉം നമസ്കരിക്കുക. ഈ നിലയ്ക്ക് ജംഅ് ചെയ്യുന്നതിന് അറബിയിൽ 'ജംഉ തഅ്ഖീർ' എന്ന് പറയുന്നു.

ഇത് മൂത്രവാർച്ചയുള്ള രോഗികൾ, മാസമുറയല്ലാത്ത ബ്ലീഡിങ്ങുള്ള സ്ത്രീകൾ, രക്തം മറ്റു കാരണത്താൽ ഒലിച്ചുകൊണ്ടിരിക്കുന്നവർ, കീഴ്വായു നിരന്തരമായി പോയിക്കൊണ്ടിരിക്കുന്നവർ തുടങ്ങിയവർക്കെല്ലാം ചെയ്യാവുന്നതാണ്.

**രോഗിയെ സംബന്ധിച്ചിടത്തോളം ജംആക്കുവാനും ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്.**

രോഗികൾക്ക് രണ്ടു നേരത്തുള്ള നമസ്കാരം ജംആക്കാം. തൊട്ടടുത്തുള്ള രണ്ടു നമസ്കാരങ്ങൾ ഏതെങ്കിലും ഒന്നിന്റെ സമയത്ത് നമസ്കരിക്കുന്നതിനാണ് 'ജംഅ്' എന്ന് പറയുന്നത്. ദുഹ്റും അസ്വ്റും ദുഹ്റിന്റെ സമയത്തോ അസ്വ്റിന്റെ സമയത്തോ നിർവഹിക്കാം. മഗ്രിബിന്റെ സമയത്തേക്ക് മുന്തിച്ച് ഇശാഅ് നമസ്കരിക്കാം. അല്ലെങ്കിൽ ഇശാഇന്റെ സമയത്തേക്ക് മഗ്രിബിനെ പിന്തിക്കാം. ദുഹ്റിന്റെ സമയത്ത് അസ്വ്റും കൂടി നമസ്കരിക്കുന്നതിന് 'ജംഉ തക്ദീം (മുന്തിച്ച് കൂട്ടിനമസ്കരിക്കൽ) എന്ന് പറയുന്നു. ദുഹ്റിനെ അസ്വ്റ്ന്റെ സമയത്തേക്ക് പിന്തിപ്പിച്ച് ആദ്യം ദുഹ്റും പിന്നീട് അസ്വ്റും നമസ്കരിക്കുന്നതിന് 'ജംഉ തഅ്ഖീർ' (പിന്തിച്ച് കൂട്ടി നമസ്കരിക്കൽ) എന്നും പറയുന്നു. മഗ്രിബും ഇശാഉം തമ്മിലും ദുഹ്റും അസ്വ്റും തമ്മിലും മാത്രമെ ഇങ്ങനെ ജംഅ് ചെയ്യാൻ പാടുള്ളൂ. അസ്വ്റും മഗ്രിബും തമ്മിലും ഇശാഉം സ്വുബ്ഹിയും തമ്മിലും ജംഅ് ചെയ്യാൻ പാടില്ല. അതുപോലെ സ്വുബ്ഹിയും ദുഹ്റും തമ്മിൽ ജംഅ് ചെയ്യാൻ പാടില്ല.

ഇത് അല്ലാഹു അനുവദിച്ച് തന്നിട്ടുള്ള ഇളവാണ്. ഇക്കാര്യം രോഗികൾ മനസ്സിലാക്കണം. അവർക്ക് അറിയില്ലെങ്കിൽ അറിയുന്നവർ പറഞ്ഞുകൊടുക്കണം.

മഴയുള്ള സന്ദർഭത്തിലും ഇങ്ങനെ ജംഅ് ചെയ്ത് നമസ്കരിക്കാം. മഴയില്ല, ഭയത്തിന്റെ സന്ദർഭവുമല്ല, യാത്രയിലുമല്ല. എന്നിട്ടും നബി (സ്വ) അപൂർവം ചില ഘട്ടങ്ങളിൽ ഇങ്ങനെ ജംആക്കിയിട്ടുണ്ടെന്ന് നമുക്ക് ഹദീസുകളിൽ കാണാം:

"ദുഹ്റും അസ്വ്റും ഒന്നിച്ചും മഗ്രിബും ഇശാഉം ഒന്നിച്ചും മദീനയിൽ വെച്ച് നബി(സ്വ) (ജംആക്കി) നമസ്കരിച്ചിട്ടുണ്ട്. (അത്) മഴയുള്ളതുകൊണ്ടോ ഭയമുള്ളതുകൊണ്ടോ ആയിരുന്നില്ല" (മുസ്‌ലിം).

ഇബ്നു അബ്ബാസ്(റ) ചോദിക്കപ്പെട്ടു: "പിന്നെ എന്തിനാണ് അല്ലാഹുവിന്റെ റസൂൽ അങ്ങനെ ചെയ്തത്?" അദ്ദേഹം മറുപടി പറഞ്ഞു: "ഈ സമുദായത്തിൽ ഒരാളും വിഷമിക്കാൻ പാടില്ല. അതിനാൽ തന്നെ രോഗിയായി കിടക്കുന്ന ആളുകൾക്ക് ജംആക്കാൻ അവസരമുണ്ട്."

ജംഉം ക്വസ്റും ആക്കി നമസ്കരിക്കൽ യാത്രക്കാർക്കുള്ളതല്ലേ, രോഗിക്ക് പറ്റുമോ എന്ന് പലരും ആശങ്കപ്പെടാറുണ്ട്. രോഗികൾക്ക് ജംആക്കാം. എന്നാൽ പറ്റാത്തത് ക്വസ്റാക്കലാണ്. നാലു റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്താക്കി ചുരുക്കി നമസ്കരിക്കുന്നതിനാണ് 'ക്വസ്ർ' എന്ന് പറയുന്നത്. മഗ്രിബ് ക്വസ്റാക്കാൻ പാടില്ല. കാരണം അത് മൂന്നു റക്അത്താണ്. സ്വുബ്ഹി ക്വസ്റാക്കാൻ പാടില്ല. അത് രണ്ടു റക്അത്താണ്. ദുഹ്റ്, അസ്വ്റ്, ഇശാഅ് എന്നിവ രണ്ടാക്കി ചുരുക്കി നമസ്കരിക്കാം. ഈ ഇളവ് രോഗിക്ക് ഇല്ല; നാട്ടിൽ താമസിക്കുന്ന രോഗിയാണെങ്കിൽ. യാത്രക്കാരനെങ്കിൽ ഇളവുണ്ട്. എന്നാൽ യാത്രക്കാരനും അല്ലാത്തവർക്കും ജംആക്കാം. യാത്രക്കാരന് ജംഉമാക്കാം, ക്വസ്റുമാക്കാം.

(തുടരും)

**നാലു റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടു റക്അത്താക്കി ചുരുക്കി നമസ്കരിക്കുന്നതിനാണ് 'ക്വസ്ർ' എന്ന് പറയുന്നത്. മഗ്രിബ് ക്വസ്റാക്കാൻ പാടില്ല. കാരണം അത് മൂന്നു റക്അത്താണ്. സ്വുബ്ഹി ക്വസ്റാക്കാൻ പാടില്ല. അത് രണ്ടു റക്അത്താണ്. ദുഹ്റ്, അസ്വ്റ്, ഇശാഅ് എന്നിവ രണ്ടാക്കി ചുരുക്കി നമസ്കരിക്കാം. ഈ ഇളവ് രോഗിക്ക് ഇല്ല; നാട്ടിൽ താമസിക്കുന്ന രോഗിയാണെങ്കിൽ. യാത്രക്കാരനെങ്കിൽ ഇളവുണ്ട്. എന്നാൽ യാത്രക്കാരനും അല്ലാത്തവർക്കും ജംആക്കാം. യാത്രക്കാരന് ജംഉമാക്കാം, ക്വസ്റുമാക്കാം.**



# ലോകകപ്പ്: കളിയും കാര്യവും വിശ്വാസിയും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**വർണവിവേചനം, വംശീയത, വർഗീയത എന്നിവക്കെതിരെയുള്ള ബോധവത്കരണവും ബഹുസ്വരത, നാനാത്വം, മാനവികത, ഐക്യം എന്നിവയുടെ പ്രഖ്യാപനവുമാണ് ലോക ഫുട്ബോളിന്റെ സന്ദേശം. വിശുദ്ധ മാനവികതയുടെ സന്ദേശം പകർന്ന് തുടക്കം മാനവികമാക്കാൻ ഖത്തറിനും സാധിച്ചു. മനുഷ്യന് മാനസിക, ശാരീരിക ഉല്ലാസം നൽകുകയാണ് കായികവിനോദങ്ങളുടെ ലക്ഷ്യം. ആഭാസങ്ങളുടെയും ദുർവ്യയങ്ങളുടെയും തുരുത്തായി കായികമേഖല മാറുന്നതിനെതിരെ കായിക പ്രേമികൾ പ്രതിരോധം തീർക്കണം. ഫുട്ബോൾ ആവേശത്തിലൂടെ ദൈവബോധവും ഉത്തരവാദിത്തബോധവും നഷ്ടപ്പെടാതിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കണം.**


ലോകകപ്പ് ഫുട്ബോളിന്റെ ആരവത്തിലാണ് ലോകം. ഓരോ നാലുവർഷം കൂടുമ്പോഴും ലോകത്തെ ഫുട്ബോൾ പ്രേമികൾ എന്തെന്നില്ലാത്ത ആവേശത്തോടെയാണ് ലോകകപ്പിനെ എതിരേൽക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ 'ആരാധകരു'ള്ള കളി ഫുട്ബോളാണ്. ക്രിക്കറ്റും ബാസ്കറ്റ്ബോളും ഹോക്കിയും ടെന്നീസുമെല്ലാം അതിനു ശേഷമെ വരൂ. ലോകത്തിന്റെ എല്ലായിടങ്ങളിലും കളിക്കുന്ന കളി കൂടിയാണ് കാൽപ്പന്ത് എന്നത് അതിന്റെ സവിശേഷത വർധിപ്പിക്കുന്നു. 1930ൽ ഉറുഗ്വായിൽ ആരംഭിച്ച് 2018ൽ മോസ്കോയിൽ അവസാനിക്കുമ്പോൾ 21 ലോകകപ്പുകൾ ഇതിനകം നടന്നുകഴിഞ്ഞു. യൂറോപ്യൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലുമാണ് പ്രധാനമായും ലോകകപ്പ് മത്സരങ്ങൾ നടന്നിട്ടുള്ളത്. യു.എസ്, സൗത്ത് ആഫ്രിക്ക, സൗത്ത് കൊറിയ, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ഓരോ തവണയും ലോകകപ്പ് നടന്നിട്ടുണ്ട്.

ഖത്തറിലാണ് ഇത്തവണ ലോകകപ്പ് നടക്കുന്നത്. ആദ്യമായാണ് ഒരു മധ്യപൗരസ്ത്യ അറബ് മുസ്‌ലിം ഗൾഫ് രാജ്യത്തിന് ലോകത്തിലെ ഏറ്റവും വലിയ ഫുട്ബോൾ മേളക്ക് ആതിഥ്യമരുളാൻ അവസരം ലഭിക്കുന്നത്. ഖത്തറിലെ ലുസൈൽ സിറ്റിയിൽ ഏകദേശം ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന ഫുട്ബോൾ മേളക്ക് ഖത്തർ ഇതിനകം ചെലവിട്ടത് 220 ബില്യൺ യു.എസ്. ഡോളർ അഥവാ പതിനെട്ട് ലക്ഷം കോടി രൂപയാണ്! മേള സമാപിക്കുമ്പോഴേക്ക് ചെലവുകൾ ഇനിയും വർധിക്കും. ലോകത്ത് ഇന്നേവരെ നടന്ന കായികമേളകളിൽ ഏറ്റവും ചെലവേറിയ മേളയാണ് ഖത്തർ ഫിഫ വേൾഡ് കപ്പ്.

ലോകകപ്പ് ഫുട്ബോളിൽ പൊതുവിൽ യൂറോപ്യൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾക്കാണ് മേധാവിത്വം. ഉറുഗ്വേ, ഇറ്റലി, ജർമനി, ബ്രസീൽ, ഇംഗ്ലണ്ട്, അർജന്റീന, ഫ്രാൻസ്, സ്പെയിൻ, ചെക്കോസ്ലോവാക്യ, ഹങ്കറി, സ്വീഡൻ, നെതർലൻഡ്സ്, ക്രൊയേഷ്യ എന്നീ രാജ്യങ്ങൾ മാത്രമാണ് ഇതിനകം ലോകകപ്പ് ഫൈനലിൽ കളിച്ചിട്ടുള്ളത് എന്നത് അവരുടെ മേധാവിത്വം വ്യക്തമാക്കുന്നുണ്ട്. താരാധിപത്യമാണ് ലോകകപ്പിന്റെ മറ്റൊരു സവിശേഷത. ലയണൽ മെസ്സി (അർജൻറീന), നെയ്മർ (ബ്രസീൽ), ക്രിസ്റ്റ്യാനോ റൊണാൾഡോ (പോർച്ചുഗൽ), കിലിയൻ എംബാപ്പെ (ഫ്രാൻസ്) തുടങ്ങിയ താരങ്ങളുടെ പിറകെയാണ് ലോകത്തെ ഭൂരിപക്ഷം ഫുട്ബോൾ പ്രേമികളും.

### ലോകകപ്പും ബഹുസ്വരതയും

ലോകകപ്പ് വിവിധങ്ങളായ രാജ്യങ്ങളിൽ നടക്കുമ്പോൾ ആ രാജ്യങ്ങളിലെ നിയമങ്ങൾ അനുസരിക്കുകയും അവർ ഉൾക്കൊള്ളുന്ന സാംസ്കാരിക രീതികളെ ബഹുമാനിക്കുകയും ചെയ്യണം എന്നതാണ് ഫിഫ കളിക്കാർക്കും പ്രേക്ഷകർക്കും നൽകിയിട്ടുള്ള നിർദേശം. കളിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ലോകത്ത് വർധിച്ചുവരുന്ന വർണവിവേചനം, വംശീയത, വർഗീയത എന്നിവക്കെതിരെയുള്ള ബോധവത്കരണവും ബഹുസ്വരത, നാനാത്വം, മാനവികത, ഐക്യം എന്നീ ആശയങ്ങളെ ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നതാണ് ഫിഫ ലോക ഫുട്ബാളിലൂടെ പകരുന്ന സന്ദേശം. സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ടായിരിക്കണം കളിക്കാരും ഫുട്ബോൾ പ്രേമികളും ഇടപഴകേണ്ടത് എന്ന നിലപാടാണ് ഫിഫ മുന്നോട്ടുവച്ചിട്ടുള്ളത്. ഫിഫ ഉയർത്തിപ്പിടിക്കുന്ന ബഹുസ്വരതക്ക് ഖത്തർ എന്ന രാജ്യം എന്തുകൊണ്ടും അനുയോജ്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ഖത്തറിൽ ജോലി ചെയ്യുന്ന പ്രവാസി സമൂഹമാണ് ഖത്തറിലെ ഭൂരിപക്ഷം ജനങ്ങളും. ഏക



**ലോകകപ്പ് വിവിധങ്ങളായ രാജ്യങ്ങളിൽ നടക്കുമ്പോൾ ആ രാജ്യങ്ങളിലെ നിയമങ്ങൾ അനുസരിക്കുകയും അവർ ഉൾക്കൊള്ളുന്ന സാംസ്കാരിക രീതികളെ ബഹുമാനിക്കുകയും ചെയ്യണം എന്നതാണ് ഫിഫ കളിക്കാർക്കും പ്രേക്ഷകർക്കും നൽകിയിട്ടുള്ള നിർദേശം. കളിയെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ലോകത്ത് വർധിച്ചുവരുന്ന വർണവിവേചനം, വംശീയത, വർഗീയത എന്നിവക്കെതിരെയുള്ള ബോധവത്കരണവും ബഹുസ്വരത, നാനാത്വം, മാനവികത, ഐക്യം എന്നീ ആശയങ്ങളെ ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നതാണ് ഫിഫ ലോക ഫുട്ബാളിലൂടെ പകരുന്ന സന്ദേശം. സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ടായിരിക്കണം കളിക്കാരും ഫുട്ബോൾ പ്രേമികളും ഇടപഴകേണ്ടത് എന്ന നിലപാടാണ് ഫിഫ മുന്നോട്ടുവച്ചിട്ടുള്ളത്. ഫിഫ ഉയർത്തിപ്പിടിക്കുന്ന ബഹുസ്വരതക്ക് ഖത്തർ എന്ന രാജ്യം എന്തുകൊണ്ടും അനുയോജ്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ഖത്തറിൽ ജോലി ചെയ്യുന്ന പ്രവാസി സമൂഹമാണ് ഖത്തറിലെ ഭൂരിപക്ഷം ജനങ്ങളും.**

**ഒരു മുസ്‌ലിം രാജ്യത്താണ് ഇത്തവണ ലോകകപ്പ് നടക്കുന്നത് എന്ന സവിശേഷതയാണ് പ്രധാനമായും ഈ ലോകകപ്പിനുള്ളത്. ലോകകപ്പ് ഇതുവരെ നടന്ന യൂറോപ്യൻ, ലാറ്റിൻ അമേരിക്കൻ; കൊറിയ, ജപ്പാൻ, സൗത്ത് ആഫ്രിക്ക രാജ്യങ്ങളുടെ സാംസ്കാരികസ്വരൂപം ഏറെക്കുറെ ഒന്നുതന്നെയാണ്. മതങ്ങളോടുള്ള കാഴ്ചപ്പാടിലും സ്ത്രീകളോടുള്ള നിലപാടുകളിലും മദ്യം, ലൈംഗികത, വേഷവിധാനം, രാത്രികാല വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിലുമെല്ലാം പ്രസ്തുത രാജ്യങ്ങളിലെ സാമ്പ്രദായിക രീതികൾ ഏറെക്കുറെ സമാനമാണ്. എന്നാൽ ഖത്തറിലേക്ക് ലോകകപ്പ് പ്രവേശിക്കുമ്പോൾ സ്ഥിതിഗതികൾ വ്യത്യസ്തമാണ്. പരമ്പരാഗതമായി സ്വീകരിച്ചുവന്ന ഇസ്‌ലാമിക സംസ്കാരത്തിന് കീഴിൽ ജീവിച്ചുവരുന്ന ഒരു ജനസമൂഹവും തടദിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നിയമവ്യവസ്ഥിതിയുമാണ് ഖത്തറിലുള്ളത്.**

## കളിയോ നോൺസ്റ്റോപ്പ് പാർട്ടിയോ?

ലോകകപ്പിന്റെ ദിനരാത്രങ്ങൾ പൊതുവിൽ അറിയപ്പെടുന്നത് ഒരു 'നോൺസ്റ്റോപ്പ് പാർട്ടി' ആയിട്ടാണ്. ഒരു ഫുട്ബോൾ മത്സരം എന്നതിനപ്പുറം ആടിത്തിമിർക്കാനും ആർമാദിക്കാനുമുള്ള ഉത്സവമായിട്ടാണ് ഒരു വലിയ വിഭാഗം അതിനെ കാണുന്നത്. മദ്യവും മദിരാക്ഷിയും നിശാപാർട്ടികളും ഇല്ലെങ്കിൽ അതെന്ത് ലോകകപ്പ് എന്നാണ് പലരും ചോദിക്കുന്നത്! ഖത്തറിൽ നടക്കാനിരിക്കുന്ന ലോകകപ്പിനെ പലരും വിമർശനത്തോടെയും ഭയാശങ്കകളോടെയും കാണുന്നതും ഈ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന 'പ്രശ്ന'ങ്ങളാണ്. ഖത്തർ അതിന്റെ സാംസ്കാരിക ദേശം മുപ്പത് ലക്ഷത്തിന് താഴെ മാത്രമാണ് ഖത്തറിലെ ജനസംഖ്യ. അതിൽ 10 ശതമാനം മാത്രമാണ് ഖത്തർ സ്വദേശികൾ. ബാക്കി വരുന്ന 90 ശതമാനത്തോളം വരുന്ന ജനത വിവിധ രാജ്യങ്ങളിലെ വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും പ്രതിനിധാനം ചെയ്യുന്നു. 22 ശതമാനത്തോളം വരുന്ന ഇന്ത്യക്കാരാണ് ഖത്തറിലെ ഏറ്റവും വലിയ സമൂഹം. ഇന്ത്യക്കാരിൽ ഏറ്റവും വലിയ സമൂഹം മലയാളികളാണ്. ഖത്തരികളുടെ അത്രതന്നെ ജനസംഖ്യയാണ് മലയാളികൾക്കുമുള്ളത്!

## മുസ്‌ലിം രാജ്യവും ലോകകപ്പും

ഒരു മുസ്‌ലിം രാജ്യത്താണ് ഇത്തവണ ലോകകപ്പ് നടക്കുന്നത് എന്ന സവിശേഷതയാണ് പ്രധാനമായും ഈ ലോകകപ്പിനുള്ളത്. ലോകകപ്പ് ഇതുവരെ നടന്ന യൂറോപ്യൻ, ലാറ്റിൻ അമേരിക്കൻ; കൊറിയ, ജപ്പാൻ, സൗത്ത് ആഫ്രിക്ക രാജ്യങ്ങളുടെ സാംസ്കാരികസ്വരൂപം ഏറെക്കുറെ ഒന്നുതന്നെയാണ്. മതങ്ങളോടുള്ള കാഴ്ചപ്പാടിലും സ്ത്രീകളോടുള്ള നിലപാടുകളിലും മദ്യം, ലൈംഗികത, വേഷവിധാനം, രാത്രികാല വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളിലുമെല്ലാം പ്രസ്തുത രാജ്യങ്ങളിലെ സാമ്പ്രദായിക രീതികൾ ഏറെക്കുറെ സമാനമാണ്. എന്നാൽ ഖത്തറിലേക്ക് ലോകകപ്പ് പ്രവേശിക്കുമ്പോൾ സ്ഥിതിഗതികൾ വ്യത്യസ്തമാണ്. പരമ്പരാഗതമായി സ്വീകരിച്ചുവന്ന ഇസ്‌ലാമിക സംസ്കാരത്തിന് കീഴിൽ ജീവിച്ചുവരുന്ന ഒരു ജനസമൂഹവും തടദിസ്ഥാനത്തിൽ രൂപപ്പെടുത്തിയ നിയമവ്യവസ്ഥിതിയുമാണ് ഖത്തറിലുള്ളത്. മുകളിൽ സൂചിപ്പിച്ചപോലെ വിവിധ മതങ്ങളും സംസ്കാരങ്ങളും സ്വീകരിച്ചുവരുന്ന മഹാഭൂരിപക്ഷം പ്രവാസി സമൂഹം ഖത്തറിൽ ജീവിച്ചുവരുന്നത് ഖത്തർ നിയമങ്ങൾ അനുസരിച്ചുകൊണ്ടാണ്. സ്വന്തം ജീവിത ശൈലികളെ മാറ്റിവച്ച് അന്നം തരുന്ന രാജ്യത്തിന്റെ സംസ്കാരവും നിയമവും പാലിച്ച് ജീവിക്കാൻ ഖത്തറിലെ പ്രവാസി സമൂഹം ദീർഘ കാലങ്ങളായി പാകപ്പെട്ടിട്ടുണ്ട്.




© Frank Hoermann/Sven Si



തനിമയിൽനിന്നും അൽപം താഴോട്ടുപോകുവാൻ നിർബന്ധിതമാകുമെന്ന് നിരീക്ഷിക്കുന്നവരുമുണ്ട്.

എന്നാൽ ഈ നിരീക്ഷണങ്ങളെ മറികടക്കുന്ന വിധത്തിൽ ഉദ്ഘാടന വേളയിൽ ഖുർആൻ ഉദ്ഘോഷിക്കുന്ന മാനവികതയുടെ സന്ദേശം ലോകത്തിന് കൈമാറിയതിലൂടെ സാസ്കാരികവും വിശ്വാസപരവുമായ കാര്യങ്ങളിലുള്ള ഉറച്ച നിലപാട് ഖത്തർ വ്യക്തമാക്കിക്കഴിഞ്ഞു.

**ഖത്തറും മദ്യനിയന്ത്രണങ്ങളും**

മദ്യത്തിനെതിരെ ശക്തമായ നിയമം നിലനിൽക്കുന്ന രാജ്യമാണ് ഖത്തർ. പൊതുയിടങ്ങളിൽ മദ്യപിച്ചാൽ കനത്ത പിഴയും ജയിൽ ശിക്ഷയുമുണ്ട്. മദ്യം വിതരണം ചെയ്യാൻ ചില ബാറുകൾക്കും ഹോട്ടലുകൾക്കും ലൈസൻസുണ്ട്. വീടുകളിൽ മദ്യം ലഭിക്കാൻ ലൈസൻസ് ലഭിച്ചവർക്ക് അത് ലഭ്യമാക്കുന്നതിന് തടസ്സമില്ല. എന്നാൽ മുസ്‌ലിംകൾ മദ്യപിക്കുന്നത് ശിക്ഷാർഹമാണ്. ലോകകപ്പ് നടക്കുന്ന പരിസരങ്ങളിൽ ആൾക്കഹോളിക് ബീറുകൾ അനുവദിക്കില്ല. ആൽക്കഹോളിക്ക് അല്ലാത്ത ബീറുകൾ (Bud Zero) മാത്രമാണ് സ്റ്റേഡിയങ്ങളുടെ പരിസരങ്ങളിൽ ലഭിക്കുക. ലോകകപ്പ് വേദികളിൽ മദ്യം നിരോധിച്ചതായി ഫിഫ പുറത്തിറക്കിയ അറിയിപ്പിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫിഫ ഫാൻ ഫെസ്റ്റിവൽ പ്രദേശങ്ങളിലും നേരത്തെ ലൈസൻസ് നേടിയ ഹോട്ടലുകളിലും ആൽക്കഹോളിക്ക് ബീറുകൾ ലഭ്യമാകുമെന്നാണ് അധികൃതർ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ഈ ഇളവുകൾ ഖത്തറിന്റെ മതസാംസ്കാരിക മേഖലകളിൽ ഭാവിയിൽ പ്രത്യാഘാതം സൃഷ്ടിക്കുമോ എന്ന ആശങ്ക ശക്തമാണ്.

**ലൈംഗികത നിയമങ്ങൾ**

വിവാഹേതര ലൈംഗികതയെ കുറ്റകൃത്യമായി കാണുന്ന രാജ്യമാണ് ഖത്തർ. എന്നാൽ ലോകകപ്പ് കാലത്ത് മാത്രം അവിവാഹിതരായ 'ദമ്പതികൾക്ക്' ഹോട്ടൽ റൂമുകൾ പങ്കിട്ട് താമസിക്കുന്നതിന് വിരോധമില്ലെന്നാണ് അധികൃതർ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ തെരുവുകളിലും പൊതുസ്ഥലങ്ങളിലും 'സ്നേഹപ്രകടനങ്ങൾ' പാടില്ല. പരസ്പരം കൈകൾ കോർത്ത് നടക്കുന്നതിന് വിരോധമില്ല. എന്നാൽ സ്വവർഗ ലൈംഗികാഭിമുഖ്യം പ്രകടിപ്പിക്കുന്നവർക്ക് മൂന്നു വർഷം വരെ ജയിൽ ശിക്ഷയുണ്ടാകുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്ത്രീകൾ പുരുഷൻമാരുടെയോ പുരുഷന്മാർ സ്ത്രീകളുടെയോ വസ്ത്രം ധരിക്കുന്നതും നിരോധിച്ചിട്ടുണ്ട്. സ്വവർഗാനുരാഗികൾ കൂട്ടം ചേർന്ന് പ്രശ്ങ്ങൾ സൃഷ്ടിക്കുന്നതിനും അവർ അവരുടെ മഴവില്ല് പതാകകൾ ഉയർത്തുന്നതിനും കർശനമായ വിലക്കുണ്ടായിരിക്കുമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. അവർക്കെതിരെ സംഘടിതമായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെയും കർശന നടപടി ഉണ്ടായിരിക്കും. കഴിഞ്ഞ മോസ്കോ വേൾഡ് കപ്പിൽ എൽജിബിടിക്യൂ പതാകകകൾ ഉയർത്തി വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു.

**വേഷവിധാനവും ഖത്തർ പാരമ്പര്യവും**

വസ്ത്രധാരണ കാര്യങ്ങളിലും ഖത്തറിന് അവരുടെതായ മതപരവും സാംസ്കാരികവും പാരമ്പരാഗതവുമായ രീതികളുണ്ട്. തോൾ ഭാഗവും കാൽമുട്ടിന് മുകളിലുള്ള ഭാഗവും പ്രദർശിപ്പിക്കുന്ന തരത്തിലുള്ള വസ്ത്രധാരണം അനുവദിക്കില്ലെന്ന് ഖത്തർ അറിയിച്ചിട്ടുണ്ട്. പ്രാദേശിക സംസ്കാരത്തോട് ആദരവ് കാണിക്കാൻ ലോക സമൂഹത്തോടും ഫുട്ബോൾ പ്രേമി

**സ്വവർഗ ലൈംഗികാഭിമുഖ്യം പ്രകടിപ്പിക്കുന്നവർക്ക് മൂന്നുവർഷം വരെ ജയിൽ ശിക്ഷയുണ്ടാകുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്ത്രീകൾ പുരുഷൻമാരുടെയോ പുരുഷന്മാർ സ്ത്രീകളുടെയോ വസ്ത്രം ധരിക്കുന്നതും നിരോധിച്ചിട്ടുണ്ട്. സ്വവർഗാനുരാഗികൾ കൂട്ടം ചേർന്ന് പ്രശ്ങ്ങൾ സൃഷ്ടിക്കുന്നതിനും അവർ അവരുടെ മഴവില്ല് പതാകകൾ ഉയർത്തുന്നതിനും കർശനമായ വിലക്കുണ്ടായിരിക്കുമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. അവർക്കെതിരെ സംഘടിതമായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെയും കർശന നടപടി ഉണ്ടായിരിക്കും. കഴിഞ്ഞ മോസ്കോ വേൾഡ് കപ്പിൽ എൽജിബിടിക്യൂ പതാകകകൾ ഉയർത്തി വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു.**

**ഖത്തറിലെത്തുന്ന ഫുട്ബോൾ പ്രേമികൾക്കെതിരെ ഖത്തർ കൊണ്ടുവരുന്ന നിയന്ത്രണങ്ങൾക്കെതിരെ ചില കേന്ദ്രങ്ങൾ ആസൂത്രിതമായ പ്രചാരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ലോകകപ്പ് ബഹിഷ്കരിക്കാനുള്ള ആഹ്വാനമടക്കം ചിലർ നടത്തിക്കഴിഞ്ഞു. എന്നാൽ ഫിഫ ഇത്തരം 'രാഷ്ട്രീയങ്ങൾക്ക്' അതീതമായി ചിന്തിക്കുവാനാണ് ഫുട്ബോൾ പ്രേമികളോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഫിഫ പ്രസിഡണ്ട് ജിയാനി ഇൻഫന്റിനോ ആരോപണങ്ങൾക്കെതിരെ അതിശക്തമായാണ് പ്രതികരിച്ചത്. 'മറ്റുള്ളവരെ ഉപദേശിക്കുന്നതിന് മുമ്പായി കഴിഞ്ഞ മൂവായിരം വർഷങ്ങളായി നാം യൂറോപ്യൻമാർ ലോകത്തോട് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് അടുത്ത മൂവായിരം വർഷങ്ങൾ ക്ഷമാപണം നടത്തുകയാണ് വേണ്ടത്.' ഖത്തറിനെതിരെയുള്ള ആരോപണങ്ങൾക്ക് മറുപടി പറയവെ ജിയാനി വാർത്താലേഖകരോട് പറഞ്ഞു. 'യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വിവിധ കമ്പനികൾ ഖത്തറുമായി വ്യാപാര ബന്ധങ്ങളിലാണ്. ഈ ബന്ധങ്ങളിലൊന്നും പ്രശ്നം കാണാത്തവർ ലോകകപ്പിന്റെ കാര്യത്തിലുള്ള നിയന്ത്രണങ്ങളുടെ പേരിൽ ഖത്തറിനെ വിമർശിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.' അദ്ദേഹം കൂട്ടിച്ചേർത്തു.**

കളോടും ഖത്തർ ആവശ്യപ്പെട്ടിട്ടുണ്ട്. ഷോർട്ട്സും സ്ലീവ്ലെസ് ടോപ്പും ധരിച്ചവരെ സർക്കാർ കെട്ടിടങ്ങളിൽനിന്നും മാളുകളിൽനിന്നും പിന്തിരിപ്പിക്കുമെന്നും ഹോട്ടലുകളിലെ നീന്തൽകുളങ്ങളിൽ ബിക്കിനി അനുവദിക്കില്ലെന്നും അവർ വ്യക്തമാക്കിയിട്ടുണ്ട്. എത്ര തന്നെ മതപരവും സാംസ്കാരികവുമായ തനിമ നിലനിർത്താൻ ശ്രമിച്ചാലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വന്നെത്തുന്ന, മതത്തെക്കുറിച്ചോ സംസ്കാരത്തെക്കുറിച്ചോ വലിയ ബോധമില്ലാത്ത, സ്ത്രീ-പുരുഷ സമൂഹത്തെ ഈ ഒരു മാസക്കാലം നിയന്ത്രിച്ചു നിർത്തുക അത്ര എളുപ്പമുള്ള കാര്യമല്ല.

### മയക്കുമരുന്നിനെതിരെ

മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഖത്തർ വ്യക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗിച്ചാൽ ശക്തമായ ശിക്ഷ ലഭിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഖത്തർ. ലോകകപ്പിന് വരുന്ന ഫുട്ബോൾ പ്രേമികൾ അവരുടെ ശരീരവും അവർ വഹിക്കുന്ന ലഗേജുകളും പൂർണമായും മയക്കുമരുന്നിൽനിന്നും മുക്തമാണെന്ന് ഉറപ്പുവരുത്തണമെന്നും അവർ അറിയിച്ചിട്ടുണ്ട്. എത്ര ചുരുങ്ങിയ അളവിലാണെങ്കിൽ പോലും പിടിക്കപ്പെട്ടാൽ ജയിലിൽ അടക്കപ്പെടുമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



### ഖത്തർ വിമർശനത്തിലെ 'രാഷ്ട്രീയം'

അതേസമയം ഖത്തറിലെത്തുന്ന ഫുട്ബോൾ പ്രേമികൾക്കെതിരെ ഖത്തർ കൊണ്ടുവരുന്ന നിയന്ത്രണങ്ങൾക്കെതിരെ ചില കേന്ദ്രങ്ങൾ ആസൂത്രിതമായ പ്രചാരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ലോകകപ്പ് ബഹിഷ്കരിക്കാനുള്ള ആഹ്വാനമടക്കം ചിലർ നടത്തിക്കഴിഞ്ഞു. 2014ൽ ആരംഭിച്ച നിർമാണ പ്രവർത്തനങ്ങളിൽ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ എന്നീ രാജ്യങ്ങളിൽനിന്നുള്ള ആറായിരത്തിൽ അധികം തൊഴിലാളികൾ ഖത്തറിന്റെ അനാസ്ഥ കാരണം മരണപ്പെട്ടിട്ടുണ്ട് എന്നാണ് ചിലർ ഉന്നയിക്കുന്ന ആരോപണം. ഖത്തറിന്റെ ഔദ്യോഗിക കണക്കനുസരിച്ച് 37 പേർ മാത്രമാണ് മരണപ്പെട്ടത്. ഖത്തർ സ്വവർഗാനുരാഗികൾക്ക് എതിരിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് മറ്റു ചിലർ ഉന്നയിക്കുന്ന ആരോപണം.

### ഫിഫ പ്രസിഡണ്ടിന്റെ പ്രതികരണം

എന്നാൽ ഫിഫ ഇത്തരം 'രാഷ്ട്രീയങ്ങൾക്ക്' അതീതമായി ചിന്തിക്കുവാനാണ് ഫുട്ബോൾ പ്രേമികളോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഫിഫ പ്രസിഡണ്ട് ജിയാനി ഇൻഫന്റിനോ ആരോപണങ്ങൾക്കെതിരെ അതിശക്തമായാണ് പ്രതികരിച്ചത്. 'മറ്റുള്ളവരെ ഉപദേ




ശിക്കുന്നതിന് മുമ്പായി കഴിഞ്ഞ മൂവായിരം വർഷങ്ങളായി നാം യൂറോപ്യൻമാർ ലോകത്തോട് ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് അടുത്ത മൂവായിരം വർഷങ്ങൾ ക്ഷമാപണം നടത്തുകയാണ് വേണ്ടത്.' ഖത്തറിനെതിരെയുള്ള ആരോപണങ്ങൾക്ക് മറുപടി പറയവെ ജിയാനി വാർത്താലേഖകരോട് പറഞ്ഞു. 'യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വിവിധ കമ്പനികൾ ഖത്തറുമായി വ്യാപാര ബന്ധങ്ങളിലാണ്. ഈ ബന്ധങ്ങളിലൊന്നും പ്രശ്നം കാണാത്തവർ ലോകകപ്പിന്റെ കാര്യത്തിലുള്ള നിയന്ത്രണങ്ങളുടെ പേരിൽ ഖത്തറിനെ വിമർശിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.' അദ്ദേഹം കൂട്ടിച്ചേർത്തു.

**ഫുട്ബോളും വിശ്വാസിയും**

ഫുട്ബാൾ ഒരു കായികാഭ്യാസവും വിനോദവുമാണ്. മനുഷ്യരുടെ ശാരീരികവും മാനസികവുമായ അഭിവൃദ്ധിക്ക് ഗുണകരമാവുന്ന ഏതൊന്നും അടിസ്ഥാനപരമായി മനുഷ്യന് അനുവദനീയമാണ്. വിനോദങ്ങൾ അനിയന്ത്രിതമായി മനുഷ്യനെ സ്വാധീനിക്കുകയും ജീവിതം തന്നെ വിനോദമാവുകയും ചെയ്യുന്നതിനെതിരെ ഇസ്ലാം ശക്തമായി താക്കീത് ചെയ്യുന്നുണ്ട്. കായികാഭ്യാസങ്ങളിൽ റസൂൽ (സ്വ) ഏർപ്പെട്ടതും പത്നി ആഇശയുമായി അദ്ദേഹം മത്സരിച്ചതും എത്യോപ്യക്കാർ പള്ളിയിൽ നടത്തിയ കായികാഭ്യാസങ്ങൾ നോക്കിക്കാണുവാൻ പ്രവാചകൻ(സ്വ) പത്നി ആഇശ(റ)ക്ക് അവസരമൊരുക്കിയതും ചരിത്രത്തിൽ പ്രസിദ്ധമാണ്. എന്നാൽ ഉത്തരവാദിത്തത്തിൽനിന്നും മനുഷ്യനെ അകറ്റുന്ന, നമസ്കാരം കൃത്യസമത്ത് നിർവഹിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുന്ന വിധത്തിൽ ആയിരിക്കരുത് വിനോദങ്ങളോടുള്ള വിശ്വാസിയുടെ സമീപനം. 'അനാവശ്യ കാര്യങ്ങളിൽനിന്നും തിരിഞ്ഞുകളയുന്നവരായിരിക്കും വിശ്വാസികൾ' (ക്വുർആൻ 23:3) എന്ന വചനം വിശ്വാസികളുടെ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുന്നുണ്ട്.

വിശ്വാസികളല്ലാത്തവർക്ക് ഏതുമാർഗേണയും സഞ്ചരിക്കാം. ആവശ്യങ്ങളും അനാവശ്യങ്ങളും അവർക്ക് ഒരുപോലെയാണ്. കാണാനോ കേൾക്കാനോ പാടില്ലാത്തതോ ചിന്തയെ നശിപ്പിക്കുന്നതോ സമയം കളയുന്നതായോ ആയ കാര്യങ്ങളോടുള്ള വിശ്വാസികളുടെ സമീപനം ക്വുർആൻ പറയുന്നത് ഇപ്രകാരമാണ്. 'വ്യർഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽനിന്നവർ തിരിഞ്ഞുകളയുകയും ഇപ്രകാരം പറയുകയും ചെയ്യും: ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും. നിങ്ങൾക്കു സലാം. മൂഢൻമാരെ ഞങ്ങൾക്ക് ആവശ്യമില്ല' (ക്വുർആൻ 28:55).

**ഫുട്ബോൾ ലഹരിയാവരുത്**

ഒരു കാര്യത്തിലും അമിതമായ സ്വാധീനമോ ആവേശമോ ഒരു വിശ്വാസിക്ക് ഉണ്ടാവാൻ പാടില്ല. കളിക്കുന്നതിലും കളി കാണുന്നതിലുമെല്ലാം ഒരു വിശ്വാസിയുടെ നിലപാട് അതായിരിക്കണം. കാരണം അവൻ ചെലവിടുന്ന സമയവും പണവും അവന്റെ നാഥൻ നൽകിയതാണ്. ഓരോ നിമിഷത്തിനും ഓരോ പൈസക്കും അവൻ അവന്റെ രക്ഷിതാവിന് മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും. അതുകൊണ്ടുതന്നെ ഫുട്ബോൾ ഒരു ലഹരിയായി

**മനുഷ്യരുടെ ശാരീരികവും മാനസികവുമായ അഭിവൃദ്ധിക്ക് ഗുണകരമാവുന്ന ഏതൊന്നും അടിസ്ഥാനപരമായി മനുഷ്യന് അനുവദനീയമാണ്. വിനോദങ്ങൾ അനിയന്ത്രിതമായി മനുഷ്യനെ സ്വാധീനിക്കുകയും ജീവിതം തന്നെ വിനോദമാവുകയും ചെയ്യുന്നതിനെതിരെ ഇസ്ലാം ശക്തമായി താക്കീത് ചെയ്യുന്നുണ്ട്. കായികാഭ്യാസങ്ങളിൽ റസൂൽ (സ്വ) ഏർപ്പെട്ടതും പത്നി ആഇശയുമായി അദ്ദേഹം മത്സരിച്ചതും എത്യോപ്യക്കാർ പള്ളിയിൽ നടത്തിയ കായികാഭ്യാസങ്ങൾ നോക്കിക്കാണുവാൻ പ്രവാചകൻ (സ്വ) പത്നി ആഇശ(റ)ക്ക് അവസരമൊരുക്കിയതും ചരിത്രത്തിൽ പ്രസിദ്ധമാണ്. എന്നാൽ ഉത്തരവാദിത്തത്തിൽനിന്നും മനുഷ്യനെ അകറ്റുന്ന, നമസ്കാരം കൃത്യസമത്ത് നിർവഹിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുന്ന വിധത്തിൽ ആയിരിക്കരുത് വിനോദങ്ങളോടുള്ള വിശ്വാസിയുടെ സമീപനം. 'അനാവശ്യ കാര്യങ്ങളിൽനിന്നും തിരിഞ്ഞുകളയുന്നവരായിരിക്കും വിശ്വാസികൾ' (ക്വുർആൻ 23:3) എന്ന വചനം വിശ്വാസികളുടെ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുന്നുണ്ട്.**

തീരാൻ പാടില്ല. ചില കളികളും കളിക്കാരും നമ്മിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ആ സ്വാധീനം ഒരു ലഹരിയായി മാറാതിരിക്കാൻ ശ്രദ്ധിക്കണം. പല ഉത്തരവാദിത്വങ്ങളെക്കുറിച്ചും മറപ്പിക്കുകയും എല്ലാം മറന്ന് അവയിൽ ലയിച്ചുചേരുകയും ചെയ്യുന്ന ഏതൊന്നും ലഹരിയാണ്. മദ്യവും മയക്കുമരുന്നും മാത്രമല്ല ലഹരി; നാം വിനോദങ്ങളായി കാണുന്ന പലതും നമ്മുടെ ഉത്തരവാദിത്തബോധത്തെ തളർത്തുന്നുണ്ടെങ്കിൽ അതെല്ലാം നിഷിദ്ധങ്ങളായി ഗണിക്കപ്പെടേണ്ടതുണ്ട്. ഒരു ഗംഭീര പ്രഭാഷണം കേൾക്കുന്ന ഒരാൾ, പ്രഭാഷകനിലും അയാളുടെ ശബ്ദമാധുരിയിലും ശൈലിയിലും ലയിച്ചുചേരുകയും അതുമൂലം നമസ്കാരം പോലും അയാൾക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുകയുമാണെങ്കിൽ അതും മനസ്സിനെ തളർത്തുന്ന ലഹരിയാണ്.

### കളി ജമാഅത്തുകൾ നഷ്ടപ്പെടുത്തരുത്

ലോകകപ്പിലെ മിക്ക കളികളും ഇന്ത്യയിൽ രാത്രിയിലും അർധരാത്രിക്ക് ശേഷവുമാണ് നടക്കുന്നത്. രാത്രിയാവുന്നതുവരെയുള്ള സമയങ്ങളിൽ കളി കാണുന്നവർ പകലിലും രാത്രിയിലും നടക്കുന്ന ജമാഅത്ത് നമസ്കാരങ്ങൾക്ക് ഭംഗം വരാത്ത വിധമായിരിക്കണം അത് കാണേണ്ടത്. ഫുട്ബോൾ ലഹരി ഒരിക്കലും ജമാഅത്ത് നമസ്കാരത്തിൽനിന്ന് ഒരു വിശ്വാസിയെയും പിറകോട്ടടുപ്പിക്കരുത്. കാരണം പിശാച് ഏറ്റവും വലിയ 'ഗോൾവലയം' കാത്തുസൂക്ഷിക്കുന്ന മേഖലയാണിത്. വിനോദങ്ങളിൽനിന്ന് മാറിനിൽക്കുന്നവരാണ് വിശ്വാസികൾ എന്ന് മുകളിൽ നൽകിയ വചനത്തിന് തൊട്ടു മുമ്പിൽ 'അവർ അവരുടെ നമസ്കാരകാര്യങ്ങളിൽ ഭയഭക്തിയുള്ളവരായിരിക്കും' എന്നാണ് പറഞ്ഞിട്ടുള്ളത്. നമസ്കാരത്തിൽ വീഴ്ച വരുത്തുന്ന വിധത്തിലുള്ള വിനോദങ്ങളിൽ നിന്നും മാറിനിൽക്കുന്നവരാണ് യഥാർഥ വിശ്വാസികൾ എന്നാണ് ആ വചനങ്ങളുടെ സാരം.


> 'ഓണം കേറാ മൂലകൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കുഗ്രാമങ്ങളിൽ പോലും പതിനായിരങ്ങളും ലക്ഷങ്ങളും മുടക്കിയുള്ള കൂറ്റൻ ബോർഡുകളും കട്ടൗട്ടുകളുമാണ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്! അഷ്ടിക്ക് വകയില്ലാത്തവരും ഒരു തൊഴിലോ വരുമാനമോ ഇല്ലാത്തവരും ഈ ദുർവ്യയത്തിൽ പങ്കുചേരുന്നു എന്നതാണ് ആശ്ചര്യകരം. ഇത് കാൽപന്തിനോടുള്ള സ്നേഹമല്ല, മറിച്ച് മനസ്സിൽ കെട്ടിയുയർത്തിയിട്ടുള്ള തന്റെ ഫുട്ബോൾ ഹീറോയോടുള്ള വീരാരാധനയുടെ ബഹിർസ്ഫുരണം മാത്രമാണ്. 'തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു' (ക്വുർആൻ 17:27).


### രാത്രികാലങ്ങളിലെ വിശ്വാസി

ക്വുർആൻ പറയുന്നു: 'നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു. രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും, പകലിനെ നാം ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു' (78:911).

രാവിനെ ആറു ഭാഗമാക്കിയാൽ അതിൽ നാലുഭാഗം ഉറക്കവും രണ്ടുഭാഗം നമസ്കാരവും ആക്കുക എന്നതാണ് രാത്രിയുടെ ക്രമീകരണത്തിൽ ഏറ്റവും നല്ല രീതി എന്ന് ദാവൂദ് നബി(അ)യുടെ ചര്യയെ ഉയർത്തിക്കാട്ടി അല്ലാഹുവിന്റെ തിരുദൂതർ അരുളിയിട്ടുണ്ട്. 'പാപമോചനം തേടുന്നവർ ആരുണ്ട്?, അവർക്ക് ഞാൻ പാപമോചനം നൽകും' എന്ന് പറഞ്ഞുകൊണ്ട് ഒന്നാം ആകാശത്തിലേക്ക് അല്ലാഹു ഇറങ്ങി വരുന്ന സമയമാണ് രാത്രിയുടെ അന്ത്യയാമം എന്ന് പ്രവാചകൻ(സ്വ) വിശദീകരിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ വിനോദങ്ങൾ പാടില്ല. ഉറക്കവും ക്വുർആൻ പാരായണം ചെയ്തുകൊണ്ടുള്ള നമസ്കാരവും പാപമോചനവും നിർവഹിക്കേണ്ട സമയമാണത്. ഒരു മാസത്തെ, അല്ലെങ്കിൽ കാലാകാലം നീണ്ടു നിൽക്കുന്ന, ഫുട്ബോൾ ലഹരിയിൽ ഉണർന്നുതീർക്കേണ്ട വേളകളല്ല രാത്രികാലം.

### വീരാരാധനയും ദുർവ്യയവും

ഫുട്ബോൾ എന്ന കളിയെ ഏറെ ഇഷ്ടപ്പെടുന്നവർക്ക് ഏതെങ്കിലും ടീമിനോടോ കളിക്കാരോടോ പ്രത്യേക താൽപര്യം ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ആ താൽപര്യം വീരാരാധനയായി പരിവർത്തിക്കപ്പെടുന്നതിനെയും അവരുടെ ഫാൻസുകളും അടിമകളുമായിത്തീരുന്നതിനെയും ജാഗ്രതയോടെ കാണണം. ഫുട്ബോളിനോടുള്ള മലയാളികളുടെ പ്രിയം വളരെ പ്രസിദ്ധമാണ്. ലോകത്തിന്റെ പല ഭാഗത്തുനിന്നും മലയാളികളുടെ ഫുട്ബോൾ ആവേശത്തിനുള്ള അഭിനന്ദനങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. വേൾഡ് കപ്പ് അധികൃതർ പോലും മലയാളികളെ അഭിനന്ദിച്ചിട്ടുണ്ട്. എന്നാൽ ടീമുകളോടും താരങ്ങളോടുമുള്ള ആരാധന മൂത്ത് പുഴകളിൽപോലും വലിയ കട്ടൗട്ടുകളും ഫ്ളക്സുകളും സ്ഥാപിക്കുന്നതിലേക്ക് മലയാളികളെ കൊണ്ടെത്തിച്ചിരിക്കുകയാണ്!

'ഓണം കേറാ മൂലകൾ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കുഗ്രാമങ്ങളിൽ പോലും പതിനായിരങ്ങളും ലക്ഷങ്ങളും മുടക്കിയുള്ള കൂറ്റൻ ബോർഡുകളും കട്ടൗട്ടുകളുമാണ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്! അഷ്ടിക്ക് വകയില്ലാത്തവരും ഒരു തൊഴിലോ വരുമാനമോ ഇല്ലാത്തവരും ഈ ദുർവ്യയത്തിൽ പങ്കുചേരുന്നു എന്നതാണ് ആശ്ചര്യകരം. ഇത് കാൽപന്തിനോടുള്ള സ്നേഹമല്ല, മറിച്ച് മനസ്സിൽ കെട്ടിയുയർത്തിയിട്ടുള്ള തന്റെ ഫുട്ബോൾ ഹീറോയോടുള്ള വീരാരാധനയുടെ ബഹിർസ്ഫുരണം മാത്രമാണ്.

'തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു' (ക്വുർആൻ 17:27). ■

ലേഖനം



# ഭർത്താവ് മരണപ്പെട്ട സ്ത്രീയുടെ ഇദ്ദ

ജൗസൽ സി.പി
:+971 50 957 5064

വിവാഹമോചനം ചെയ്യപ്പെടുകയോ ഭർത്താവ് മരണപ്പെടുകയോ ചെയ്യുന്ന മുസ്‌ലിം സ്ത്രീ ഇദ്ദ (ദീക്ഷ) ആചരിക്കേണ്ടതുണ്ട്. ഇസ്‌ലാം വിമർശകർ പലപ്പോഴും വിമർശനം ഉന്നയിക്കുന്ന ഒന്നാണ് ഇസ്‌ലാമിലെ ഇദ്ദ ആചരണം. ഭർത്താവ് മരണപ്പെട്ടാൽ ഭാര്യ ആചരിക്കേണ്ട ഇദ്ദയെ പറ്റിയാണ് ഇതിൽ ലഘുവായി പ്രതിപാദിക്കുന്നത്.

അല്ലാഹു പറയുന്നു: "നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചുകൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലുമാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്..." (ക്വുർആൻ 2:234).

ഭർത്താവ് മരണപ്പെട്ട സ്ത്രീ നാലു ചന്ദ്രമാസവും പത്ത് ദിവസവും ഇദ്ദയിരിക്കണം. ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നതുവരെയാണ് ഇദ്ദ. തന്നെ സൃഷ്ടിച്ചവനായ അല്ലാഹു എന്ത് കൽപിച്ചുവോ അത് ചോദ്യം ചെയ്യാതെ അനുസരിക്കുക എന്നത് ഒരു മുസ്‌ലിമിന്റെ നിർബന്ധ ബാധ്യതയാണ്. 'മുസ്‌ലിം' എന്ന പദത്തിന്റെ അർഥംതന്നെ അല്ലാഹുവിന് സർവസ്വവും സമർപ്പിച്ചവർ, കീഴ്പെട്ടവൻ എന്നൊക്കെയാണ്. സ്വന്തം കേവല യുക്തിക്ക് ഉൾക്കൊണ്ടാലും ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിലും ദൈവിക കൽപനകൾ അതേപടി അനുസരിച്ചേ തീരൂ.

ഇദ്ദ കാലയളവിൽ വളരെ അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ സ്ത്രീ വീട് വിട്ടു പുറത്തു പോകാൻ പാടുള്ളതല്ല. വീട്ടിനകത്ത് സാധാരണ വസ്ത്രങ്ങൾ ധരിച്ച് ആഭരണങ്ങളും സുഗന്ധങ്ങളും മേക്കപ്പുകളും അലങ്കാര വസ്ത്രങ്ങളും ഒഴിവാക്കി നാലുമാസവും പത്ത് ദിവസവും കഴിയണം. വെള്ള വസ്ത്രം ധരിക്കണമെന്ന നിയമമൊന്നും ഇസ്‌ലാമിലില്ല. മക്കളുമായും വിവാഹബന്ധം നിഷിദ്ധമായ ഉറ്റ ബന്ധുക്കളുമായുമൊക്കെ അടുത്ത് ഇടപഴകുന്നതിന് യാതൊരു വിരോധവുമില്ല. പ്രത്യേക മന്ത്രോച്ചാരണങ്ങൾ ഉരുവിട്ട് ഇരുട്ടുമുറിക്കുള്ളിൽ കഴിഞ്ഞുകൂടണമെന്ന് മതം പഠിപ്പിക്കുന്നില്ല. വീട്ടിൽ ഭക്ഷണം പാചകം ചെയ്യുന്നതിനോ മറ്റു വീട്ടുജോലികൾ ചെയ്യുന്നതിനോ ഒന്നും യാതൊരു പ്രശ്നവുമില്ല.

അന്യപുരുഷന്മാരുമായി ഇടപെടേണ്ടി വരുമ്പോൾ ഭർത്താവ് ജീവിച്ചിരിക്കുന്ന സാധാരണ കാലഘട്ടത്തിൽ പാലിക്കേണ്ടതായ ഇസ്‌ലാമിക നിയമങ്ങൾ അല്ലാതെ ഇദ്ദ കാലഘട്ടത്തിൽ പ്രത്യേകിച്ച് മാറ്റങ്ങൾ ഒന്നുംതന്നെയില്ല. ഇദ്ദ കാലഘട്ടം എന്നത് ഒരു വിധവയെ സംബന്ധിച്ചിടത്തോളം അവളുടെ ഭർത്താവിന്റെ വിയോഗത്തിലുള്ള ദുഃഖം കുറയുവാനും മാനസികമായി സാധാരണനില കൈവരിക്കുവാനുമുള്ള ഒരു സമയമാണ്. ഇദ്ദ കാലഘട്ടത്തിൽ വിധവയെ വിവാഹം ആലോചിക്കുവാൻ പാടുള്ളതല്ല.

"...നിയമപ്രകാരമുള്ള അവധി (ഇദ്ദ) പൂർത്തിയാകുന്നതുവരെ (വിവാഹമുക്തകളുമായി) വിവാഹബന്ധം സ്ഥാപിക്കാൻ നിങ്ങൾ തീരുമാനമെടുക്കരുത്. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുകയും അവനെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക..." (ക്വുർആൻ 2:235).

എന്തുകൊണ്ട് ഭർത്താവ് മരിച്ച സ്ത്രീക്ക് ഇദ്ദയുള്ളതുപോലെ ഭാര്യ മരിച്ച ഭർത്താവിന് ഇദ്ദയില്ല? പുരുഷന്റെയും സ്ത്രീയുടെയും സൈക്കോളജിയിൽ വ്യത്യാസമുണ്ട്. സ്ത്രീ കുറേകൂടി വൈകാരികമായി ചിന്തിക്കുന്ന ആളാണ്. അതുകൊണ്ടുകൂടിയാണ് മറ്റൊരു വിവാഹത്തിലേർപ്പെടാൻ അവൾക്ക് ഇദ്ദ കാലഘട്ടം കഴിഞ്ഞതിന് ശേഷം മാത്രം അനുമതി നൽകിയിരിക്കുന്നത്. മരിച്ച ഭർത്താവിൽനിന്ന് അവൾ ഗർഭിണിയാണോ എന്ന് അറിയുന്നിനു മുമ്പ് ധൃതിപ്പെട്ട് പുനർവിവാഹം നടത്തുന്നത് ഇത് തടയുന്നു. എന്നാൽ പുരുഷൻ വൈകാരികമായി പോളിഗാമസ് ആണ്. ഒരു ഭാര്യ ജീവിച്ചിരിക്കുമ്പോൾതന്നെ മറ്റു ഭാര്യമാരെ സ്വീകരിക്കാൻ പുരുഷന് വൈകാരികമായി വലിയ പ്രശ്നം ഉണ്ടാവില്ല എന്നതാണ് വാസ്തവം. അതാണ് പുരുഷന്റെ മനഃശാസ്ത്രം.




# അല്ലാഹുവിൻെറ നാമഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം;

## ഒരു ലഘുപരിചയം

അശ്‌റഫ് അൽഹികമി
ഒറ്റപ്പാലം

ക്വുർആനിലെ 19ാം അധ്യായത്തിലെ 65ാം സൂക്തത്തെ വിശദീകരിച്ച്, പണ്ഡിതന്മാർ അല്ലാഹുവിലുള്ള വിശ്വാസത്തെ വിഭജിച്ചിടത്ത് മൂന്നാമതായി എണ്ണിയ ഇനമാണ് 'അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം.' ഈ വിഷയത്തിൽ അടിസ്ഥാന പരമായി നാം അറിയേണ്ട ചില കാര്യങ്ങളാണ് ഇവിടെ ലഘുവായി വിശദീകരിക്കുന്നത്.

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ സംബന്ധിച്ച് അല്ലാഹുവും അവന്റെ റസൂലും അറിയിച്ചതിൽ യാതൊരുവിധ പദമാറ്റമോ, മാറ്റത്തിരുത്തലോ, രൂപപ്പെടുത്തലോ, സാദൃശ്യപ്പെടുത്തലോ, നിഷേധമോ ഇല്ലാത്തവിധം യഥാവിധി അംഗീകരിക്കലും വിശ്വസിക്കലുമാണ് അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം. ഇതാണ് യഥാർഥത്തിൽ ഈ വിഷയത്തിൽ അഹ്‌ലുസ്സുന്നയുടെ നിലപാട്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും" (ക്വുർആൻ 7:180).

**അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ സംബന്ധിച്ച് അല്ലാഹുവും അവന്റെ റസൂലും അറിയിച്ചതിൽ യാതൊരുവിധ പദമാറ്റമോ, മാറ്റത്തിരുത്തലോ, രൂപപ്പെടുത്തലോ, സാദൃശ്യപ്പെടുത്തലോ, നിഷേധമോ ഇല്ലാത്തവിധം യഥാവിധി അംഗീകരിക്കലും വിശ്വസിക്കലുമാണ് അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിലുള്ള വിശ്വാസം. ഇതാണ് യഥാർഥത്തിൽ ഈ വിഷയത്തിൽ അഹ്‌ലുസ്സുന്നയുടെ നിലപാട്.**

**അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും''**
**(ക്വുർആൻ 7:180).**



ഈ വചനത്തിലൂടെ അല്ലാഹു തനിക്ക് ചില നാമങ്ങളുണ്ടെന്നും അവ ഉത്കൃഷ്ടമാണെന്നും അവകൊണ്ട് പ്രാർഥിക്കണമെന്നും ആവശ്യപ്പെടുന്നതോടൊപ്പം അവയെ നിഷേധിക്കുന്നവർക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്യുന്നു.

അല്ലാഹുവിന് ഉത്കൃഷ്ടമായ നാമങ്ങളുണ്ടെന്നതിനുള്ള തെളിവുകൾ:

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്ത്വമുള്ളവനുമാകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!''(ക്വുർആൻ 59:22,23).

ഒരു നബിവചനം കാണുക: "നിശ്ചയമായും അല്ലാഹുവിന് തൊണ്ണൂറ്റൊമ്പത് നാമങ്ങളുണ്ട്; നൂറിൽ ഒന്നു കുറവ്. അവ ആരെങ്കിലും ഇഹ്സ്വാഅ് ചെയ്താൽ (ഹൃദിസ്ഥമാക്കുന്നതോടൊപ്പം അതിനനുസൃതമായി ജീവിതത്തെ ക്രമപ്പെടുത്തിയാൽ) അവൻ സ്വർഗത്തിൽ പ്രവേശിച്ചു'' (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ നാമങ്ങൾ തൊണ്ണൂറ്റൊമ്പതിൽ പരിമിതമല്ല; ക്വുർആനിലും സുന്നത്തിലും പേരെടുത്തു പറഞ്ഞവ മാത്രമാണ് ഇവ. യഥാർഥത്തിൽ അവയുടെ എണ്ണം അല്ലാഹുവിന് മാത്രമെ അറിയൂ. ഇബ്നുമസ്ഊദ്(റ) നബി(സ്വ)യിൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇത് വ്യക്തമാകുന്നു: "(അല്ലാഹുവേ) നീ നിനക്ക് നിശ്ചയിച്ചതും നിന്റെ ഗ്രന്ഥത്തിൽ



അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും നിന്റെ പക്കലുള്ള മറഞ്ഞിരിക്കുന്ന ജ്ഞാനത്തിൽ നീ സ്വന്തമാക്കിവച്ചതുമായ നിനക്കുള്ള മുഴുവൻ പേരുകളെയുംകൊണ്ട് ഞാൻ തേടുന്നു...''

നാം അറിയാത്ത, പഠിപ്പിക്കപ്പെടാത്ത ഒരുപാട് നാമങ്ങൾ അല്ലാഹുവിനുണ്ടെന്നും അവ ഏതൊക്കെ എന്ന് ഗ്രഹിക്കുക സാധ്യമല്ലെന്നും സാരം. അല്ലാഹുവിന്റെ ഓരോ നാമവും ഓരോ വിശേഷണത്തെ ഉൾക്കൊള്ളുന്നു. ഉദാഹരണം: 'അലീം' (എല്ലാം അറിയുന്നവൻ) എന്ന നാമം 'ഇൽമ്' (അറിവ്) എന്ന വിശേഷണത്തെ ഉൾക്കൊള്ളുന്നു. 'ബസ്വീർ' (എല്ലാം കാണുന്നവൻ) എന്ന നാമം 'ബസ്വർ' (കാഴ്ച) എന്ന വിശേഷണത്തെ ഉൾക്കൊള്ളുന്നു.

**അല്ലാഹുവിന്റെ നാമഗുണ വിശേഷങ്ങളെ സ്ഥിരപ്പെടുത്തുന്ന ബുദ്ധിപരമായ തെളിവുകൾ:**

ഈ പ്രപഞ്ചത്തിലുള്ള വിവിധങ്ങളായ സൃഷ്ടിജാലങ്ങളും അവയുടെ സ്ഥിരതയാർന്ന വ്യവസ്ഥകളുമെല്ലാം അല്ലാഹുവിന്റെ കഴിവിനെയും അഗാധജ്ഞാനത്തെയും തത്ത്വജ്ഞാനത്തെയും ഉദ്ദേശ്യത്തെയും അറിയിക്കുന്നു.

ഈ ലോകർക്ക് നന്മ ചൊരിഞ്ഞുകൊടുക്കലും ബുദ്ധിമുട്ടുകൾ അകറ്റിക്കൊടുക്കലും അവന്റെ കാരുണ്യത്തെയും ഔദാര്യത്തെയും കുറിക്കുന്നു. അവനെ സ്നേഹിക്കുന്നവരെ ആദരിക്കുന്നതും ദൃഢപ്പെടുത്തുന്നതും അവർക്കുമേലുള്ള അവന്റെ തൃപ്തിയെയും സ്നേഹത്തെയും അറിയിക്കുന്നു.

അല്ലാഹുവും റസൂലും സ്ഥിരപ്പെടുത്തിയതിനെ നാമും സ്ഥിരപ്പെടുത്തുന്നതോടൊപ്പം, വിരോധിച്ചവയെ വിരോധിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ മൗനമവലംബിച്ച വിഷയങ്ങളിൽ മൗനമവലംബിക്കുന്നു. ക്വുർആനിലും സുന്നത്തിലും വന്നിട്ടുള്ളവയ്ക്ക് അതിൻെറ ഉദ്ദേശ്യത്തെ കുറിക്കാത്ത വ്യാഖ്യാനങ്ങൾ നൽകാതെ, അക്ഷരങ്ങളിൽപോലും വ്യത്യാസങ്ങൾ വരുത്താതെ അതർഹിക്കുന്ന ലക്ഷ്യത്തോടെ അംഗീകരിക്കുന്നു. സൃഷ്ടികളുടെ വിശേഷണങ്ങളോട് സാദൃശ്യപ്പെടുത്താതിരിക്കുന്നു.

അല്ലാഹു പറഞ്ഞു: "അവന് തുല്യമായി യാതൊന്നുമില്ല'' (ക്വുർആൻ 42:11).

**ഈ പ്രപഞ്ചത്തിലുള്ള വിവിധങ്ങളായ സൃഷ്ടിജാലങ്ങളും അവയുടെ സ്ഥിരതയാർന്ന വ്യവസ്ഥകളുമെല്ലാം അല്ലാഹുവിന്റെ കഴിവിനെയും അഗാധജ്ഞാനത്തെയും തത്ത്വജ്ഞാനത്തെയും ഉദ്ദേശ്യത്തെയും അറിയിക്കുന്നു. ഈ ലോകർക്ക് നന്മ ചൊരിഞ്ഞുകൊടുക്കലും ബുദ്ധിമുട്ടുകൾ അകറ്റിക്കൊടുക്കലും അവന്റെ കാരുണ്യത്തെയും ഔദാര്യത്തെയും കുറിക്കുന്നു. അവനെ സ്നേഹിക്കുന്നവരെ ആദരിക്കുന്നതും ദൃഢപ്പെടുത്തുന്നതും അവർക്കുമേലുള്ള അവന്റെ തൃപ്തിയെയും സ്നേഹത്തെയും അറിയിക്കുന്നു.
അല്ലാഹുവും റസൂലും സ്ഥിരപ്പെടുത്തിയതിനെ നാമും സ്ഥിരപ്പെടുത്തുന്നതോടൊപ്പം, വിരോധിച്ചവയെ വിരോധിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ മൗനമവലംബിച്ച വിഷയങ്ങളിൽ മൗനമവലംബിക്കുന്നു. ക്വുർആനിലും സുന്നത്തിലും വന്നിട്ടുള്ളവയ്ക്ക് അതിൻെറ ഉദ്ദേശ്യത്തെ കുറിക്കാത്ത വ്യാഖ്യാനങ്ങൾ നൽകാതെ, അക്ഷരങ്ങളിൽപോലും വ്യത്യാസങ്ങൾ വരുത്താതെ അതർഹിക്കുന്ന ലക്ഷ്യത്തോടെ അംഗീകരിക്കുന്നു. സൃഷ്ടികളുടെ വിശേഷണങ്ങളോട് സാദൃശ്യപ്പെടുത്താതിരിക്കുന്നു.**

**ഈ വിഷയത്തിൽ ഭിന്നിച്ച കുറെ പിഴച്ച കക്ഷികളുണ്ട്.**

*ജഹ്മിയ്യാക്കൾ:* ജഹ്മ് ഇബ്നു സ്വഫ്വാന്റെ ആളുകളായ ഇവർ അല്ലാഹുവിന്റെ മുഴുവൻ നാമ ഗുണ വിശേഷണങ്ങളെയും നിഷേധിക്കുന്നു.

***മുഅ്തസിലുകൾ:*** ഹസനുൽ ബസ്വരിയുടെ സദസ്സിൽനിന്നും വിട്ടുനിന്ന വാസിൽ ഇബ്നു അത്വാഇന്റെ ആളുകളാണ് ഇവർ. അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിക്കുന്നതോടൊപ്പം അർഥമില്ലാത്ത കേവല നാമങ്ങൾ മാത്രമാണ് അല്ലാഹുവിനുള്ളത് എന്ന് അവർ വാദിക്കുകയും ചെയ്യുന്നു.

***അശ്അരികൾ, മാതുരീതികൾ:*** ഇക്കൂട്ടർ അല്ലാഹുവിന്റെ നാമങ്ങൾ അംഗീകരിക്കുന്നുണ്ടെങ്കിലും അധിക വിശേഷണങ്ങളെയും അംഗീകരിക്കുന്നില്ല. കാരണം, അല്ലാഹുവിനു വിശേഷണങ്ങൾ വച്ചുകൊടുക്കുക എന്നത് സൃഷ്ടികളോട് സാദൃശ്യപ്പെടുത്തലാകുമെന്നും അത് ശിർക്കാണെന്നുമാണ് അവരുടെ വിശ്വാസം. 'അല്ലാഹുവിന്റെ കൈ' എന്നതിന് 'അല്ലാഹുവിന്റെ അനുഗ്രഹം' എന്ന് ഇവർ വ്യാഖ്യാനിച്ചു.

അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളെ ഒന്നാമതായി നിഷേധിച്ചവർ ചില മുശ്‌രിക്കുകൾ തന്നെ.

സൂറതുർറഅ്ദ് 30ാം വചനത്തിലെ 'വഹും യക്ഫുറൂന ബിർറഹ്മാൻ' (അവരാകട്ടെ പരമകാരുണികനായ ദൈവത്തിൽ അവിശ്വസിക്കുന്നു) എന്ന പരാമർശ കാരണമായി ഹദീസുകൾ പരിചയപ്പെടുത്തുന്നത് ഹുദൈബിയ്യാ സന്ധിയിലെ കരാർ പ്രവാചകൻ(സ്വ) 'ബിസ്മില്ലാഹിർവഹ്മാനിർവഹീം' എന്നതുകൊണ്ട് ആരംഭിച്ചപ്പോൾ ഞങ്ങൾക്ക് 'അർവഹ്മാൻ' ആരെന്നറിയില്ല, അതുകൊണ്ട് അത് തിരുത്തണമെന്നാവശ്യപ്പെട്ട സംഭവമാണ്.

അതുപോലെതന്നെ ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ ഇപ്രകാരം കാണാം: പ്രവാചകൻ(സ്വ) സുജൂദിലായിരിക്കെ 'യാ റഹ്മാൻ, യാ റഹീം' എന്നു വിളിച്ച് പ്രാർഥിക്കുന്നത് കേട്ട ക്വുറൈശികൾ വാദിച്ചു: 'മുഹമ്മദ് ഏകദൈവാരാധനയെ പരിചയപ്പെടുത്തുന്നുണ്ടെങ്കിലും രണ്ടാളുകളെയിതാ വിളിച്ചു പ്രാർഥിക്കുന്നു.' ഇതിനു മറുപടിയായി അല്ലാഹു പറഞ്ഞു:

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹു എന്ന് വിളിച്ചുകൊള്ളുക. അല്ലെങ്കിൽ റഹ്മാൻ എന്ന് വിളിച്ചുകൊള്ളുക. ഏതുതന്നെ നിങ്ങൾ വിളിക്കുകയാണെങ്കിലും അവന്നുള്ളതാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ..." (ക്വുർആൻ 17:110).

ഇവരുടെ നിഷേധത്തിന് ഒരു തെളിവുകൂടി. അല്ലാഹു പറഞ്ഞു: "പരമകാരുണികന് നിങ്ങൾ പ്രണാമം ചെയ്യുക എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും: എന്താണീ പരമകാരുണികൻ?" (ക്വുർആൻ 25:60).

> **പൂർണമായ വിശേഷണങ്ങൾ ഇല്ലാത്തവന്ന് ആരാധ്യനാവുക സാധ്യമല്ല. വിശേഷണങ്ങളെ അതിൻെറ പ്രത്യക്ഷാർഥത്തിൽനിന്ന് തെറ്റിച്ച് വ്യാഖ്യാനിക്കുവാൻ തെളിവുകളില്ല. അങ്ങനെ വ്യാഖ്യാനിക്കൽ നിരർഥകമാണ്. ചുരുക്കത്തിൽ, അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിൽ വിശ്വസിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സൃഷ്ടികളോട് സാദൃശ്യപ്പെടുത്താതെ അവന്റെ മഹത്ത്വത്തിന് യോജിച്ച രീതിയിൽ അംഗീകരിക്കലാണ്. അല്ലാഹുവും റസൂലും അറിയിച്ചത് പോലെ മനസ്സിലാക്കലും അംഗീകരിക്കാലുമാകുന്നു ശരിയായ നിലപാട്.**

അല്ലാഹുവും റസൂലും അല്ലാഹുവിന് ഉണ്ട് എന്ന് സ്ഥിരപ്പെടുത്തിയ ഒരു കാര്യത്തെ നിഷേധിക്കുക എന്നത് അവരോടുള്ള എതിരാവലാണ്. അല്ലാഹുവിനുള്ളതായി പരാമർശിക്കപ്പെട്ട വിശേഷണങ്ങൾ ഒന്നും അവന്റെ സൃഷ്ടികളിൽ കാണപ്പെടുകയില്ല. അല്ലാഹുവിന്റെ വിശേഷണങ്ങൾ അവനുമാത്രം പ്രത്യേകമാക്കപ്പെട്ടതാണ്.


പേരുകളിലുള്ള സാമ്യത യഥാർഥത്തിലുള്ള സാമ്യതയല്ല. അതുകൊണ്ടുതന്നെയാണ് അല്ലാഹു അവന്റെ വിശേഷണങ്ങൾക്ക് ഉപയോഗിച്ച ചില വാക്കുകൾ അവന്റെ സൃഷ്ടികളുടെ വിഷയത്തിലും പരാമർശിക്കുന്നുണ്ട്. ഉദാഹരണം; അല്ലാഹു അവനെക്കുറിച്ച് പറഞ്ഞു: 'നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാണ്.'

അല്ലാഹു അവന്റെ സൃഷ്ടികൾക്കും ഇതേ വിശേഷണങ്ങൾ പറഞ്ഞിട്ടുണ്ട്: 'കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (ക്വുർആൻ 76:2).

പൂർണമായ വിശേഷണങ്ങൾ ഇല്ലാത്തവന്ന് ആരാധ്യനാവുക സാധ്യമല്ല. വിശേഷണങ്ങളെ അതിൻെറ പ്രത്യക്ഷാർഥത്തിൽനിന്ന് തെറ്റിച്ച് വ്യാഖ്യാനിക്കുവാൻ തെളിവുകളില്ല. അങ്ങനെ വ്യാഖ്യാനിക്കൽ നിരർഥകമാണ്.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ നാമഗുണ വിശേഷണങ്ങളിൽ വിശ്വസിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സൃഷ്ടികളോട് സാദൃശ്യപ്പെടുത്താതെ അവന്റെ മഹത്ത്വത്തിന് യോജിച്ച രീതിയിൽ അംഗീകരിക്കലാണ്. അല്ലാഹുവും റസൂലും അറിയിച്ചത് പോലെ മനസ്സിലാക്കലും അംഗീകരിക്കാലുമാകുന്നു ശരിയായ നിലപാട്. ■

**ഒരു കുട്ടി ആദ്യമായി കള്ളം പറയുമ്പോൾ ആ കുട്ടിയെക്കൊണ്ട് കുറ്റസമ്മതം നടത്തിക്കുകയാണ് നല്ലത്. കുറ്റസമ്മതം വഴി പശ്ചാത്താപം, നാണക്കേട്, പരിഭ്രമം തുടങ്ങിയ വികാരങ്ങൾ കുട്ടികളിൽ ഉണ്ടാകും. ഇത്തരം വികാരങ്ങൾ വീണ്ടും കള്ളം പറയുന്നതിനു തടസ്സമായി വർത്തിക്കും. അതിനാൽ ഭാവിയിൽ കള്ളം പറയാനുള്ള സാധ്യത കുറയും. കള്ളം പറഞ്ഞതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഹിതകരമല്ലാത്ത സാഹചര്യം കുട്ടികൾ ഓർക്കുകയും അതുവഴി കള്ളം പറയുന്നതിൽനിന്നും അവർ പിന്മാറുകയും ചെയ്യും. ആദ്യത്തെ കുറ്റസമ്മത സമയത്ത് നടത്തിയിട്ടുള്ള പ്രതിജ്ഞകൾ നിലനിർത്തുന്നതിനും കുട്ടികൾ ശ്രമിക്കുമെന്നതിനാൽ വീണ്ടും കള്ളം പറയാനോ കള്ളം ചെയ്യാനോ അവർക്ക് അറപ്പ് ഉണ്ടാകുന്നതാണ്.**



# കള്ളം പറയൽ നിയന്ത്രണം

ഡോ. മുനവ്വർ

കുട്ടിക്കാലത്തുള്ള കള്ളം പറയൽ ശീലം പരിഹരിക്കാവുന്നതാണ്. എന്നാൽ പ്രായപൂർത്തിയായ ഒരു നുണയനെ കള്ളം പറയലിൽനിന്നു വിമുക്തനാക്കുക അത്ര എളുപ്പമല്ല. ചെയ്യേണ്ടതിനെക്കുറിച്ചും ചെയ്തുകൂടാത്തതിനെക്കുറിച്ചും എത്രയൊക്കെ പറഞ്ഞാലും ഇവരിൽ പറയത്തക്ക പ്രയോജനം ഒന്നും ഉണ്ടാകുകയില്ല. എന്നാൽ കുട്ടികളിൽ കാണുന്ന കള്ളം പറയുന്ന ശീലം മാറ്റിയെടുക്കാവുന്നതാണ്. കുട്ടികൾ കള്ളം പറഞ്ഞാൽ അതേക്കുറിച്ച് വളച്ചുകെട്ടി ചോദ്യങ്ങൾ ചോദിക്കുന്നതിനെക്കാൾ നല്ലത് നേരിട്ടുള്ള ചോദ്യം ചോദിക്കലാണ്. കള്ളം പറയുന്ന സ്വഭാവം മാറ്റിയെടുക്കാൻ നേരിട്ടുള്ള സമീപനം ഫലപ്രദമായിട്ടാണ് കണ്ടുവരുന്നത്. ഉദാഹരണത്തിന്, ഒരു കുട്ടി കള്ളം പറഞ്ഞതായി നിങ്ങൾക്ക് ബോധ്യപ്പെട്ടു എന്നിരിക്കട്ടെ; ഇത്തരം സന്ദർഭത്തിൽ കള്ളം പറയുകയാണോ എന്നു ചോദിക്കുന്നതിനുപകരം എന്തിനു കള്ളം പറഞ്ഞു എന്നു ചോദിക്കുന്നതാണ് നല്ലത്. നേരിട്ടുള്ള ഇത്തരം ചോദ്യം, ചെയ്ത കള്ളം മൂടിവയ്ക്കാൻ പുതിയ കള്ളങ്ങൾ മെനഞ്ഞെടുക്കുന്ന



തിൽനിന്നും കുട്ടിയെ പിന്തിരിപ്പിക്കും. ഇതു കൂടാതെ കള്ളം പറഞ്ഞതിന്റെ അടിസ്ഥാനകാരണം കൂടി കണ്ടുപിടിക്കേണ്ടതുണ്ട്. അതുവഴി കള്ളം പറയൽ ശീലം ദൂരീകരിക്കുന്നതിനുള്ള ശരിയായ മാർഗങ്ങളും കണ്ടുപിടിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്. കള്ളം പറയൽ സ്വഭാവത്തെ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ താഴെ വിശദീകരിക്കുന്നു.

**1. കള്ളംപറയൽ സ്വഭാവത്തിന്റെ അടിസ്ഥാന കാരണത്തെക്കുറിച്ചുള്ള അന്വേഷണം**

കള്ളം പറയുന്ന സ്വഭാവം ഒരു പ്രകടലക്ഷണമായി കണ്ടാൽ അതിൻെറ കാരണം അല്ലെങ്കിൽ കാരണങ്ങളെക്കുറിച്ച് ശരിയായ വിധത്തിൽ അന്വേഷണം നടത്തേണ്ടതാണ്. ഇത്തരത്തിലുള്ള അന്വേഷണം അഥവാ ആഴത്തിലുള്ള സൂക്ഷ്മപരിശോധന വളരെ ശ്രദ്ധാപൂർവം ചെയ്യേണ്ടതാണ്. കള്ളം പറയൽ ശീലത്തിന്റെ അടിസ്ഥാനകാരണം കണ്ടുപിടിച്ചുകഴിഞ്ഞാൽ അധ്യാപകനോ രക്ഷാകർത്താവിനോ മനശ്ശാസ്ത്രജ്ഞനോ അതിൽനിന്നും പിന്തിരിയാൻ ആവശ്യമായ ർഗനിർദേശങ്ങൾ കുട്ടിക്ക് നൽകാവുന്നതാണ്.

**2. പ്രകോപനപരമായ സന്ദർഭം ഒഴിവാക്കൽ**

കുട്ടികൾ കള്ളം പറയാൻ പ്രേരിതരാകുന്ന സന്ദർഭങ്ങൾ ഉണ്ടാകാതിരിക്കാൻ അധ്യാപകരും രക്ഷാകർത്താക്കളും പ്രത്യേകം ശ്രദ്ധിക്കേതുണ്ട്. കള്ളം ചെയ്യുമോ എന്നു പരീക്ഷിച്ചുനോക്കാൻ മനപ്പൂർവം സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം നല്ലശീലങ്ങൾ പഠിക്കുതിനെക്കാൾ എളുപ്പം ചീത്തശീലങ്ങൾ പഠിക്കുന്നതിലാണ്. അതിനാൽ മക്കൾ കള്ളം ചെയ്യാൻ സാധ്യതയുള്ള സന്ദർഭങ്ങൾ കഴിവതും ഒഴിവാക്കുകയാണ് അഭികാമ്യം.

**3. കള്ളം പറയുന്നവന്റെ കുറ്റസമ്മതം**

ഒരു കുട്ടി ആദ്യമായി കള്ളം പറയുമ്പോൾ ആ കുട്ടിയെക്കൊണ്ട് കുറ്റസമ്മതം നടത്തിക്കുകയാണ് നല്ലത്. കുറ്റസമ്മതം വഴി പശ്ചാത്താപം, നാണക്കേട്, പരിഭ്രമം തുടങ്ങിയ വികാരങ്ങൾ കുട്ടികളിൽ ഉണ്ടാകും. ഇത്തരം വികാരങ്ങൾ വീണ്ടും കള്ളം പറയുന്നതിനു തടസ്സമായി വർത്തിക്കും. അതിനാൽ ഭാവിയിൽ കള്ളം പറയാനുള്ള സാധ്യത കുറയും. കള്ളം പറഞ്ഞതിന്റെ ഫലമായി ഉണ്ടായിട്ടുള്ള ഹിതകരമല്ലാത്ത സാഹചര്യം കുട്ടികൾ ഓർക്കുകയും അതുവഴി കള്ളം പറയുന്നതിൽനിന്നും അവർ പിന്മാറുകയും ചെയ്യും. ആദ്യത്തെ കുറ്റസമ്മത സമയത്ത് നടത്തിയിട്ടുള്ള പ്രതിജ്ഞകൾ നിലനിർത്തുന്നതിനും കുട്ടികൾ ശ്രമിക്കുമെന്നതിനാൽ വീണ്ടും കള്ളം പറയാനോ കള്ളം ചെയ്യാനോ അവർക്ക് അറപ്പ് ഉണ്ടാകുന്നതാണ്.

**3. അനുഗുണ നിർദേശങ്ങൾ**

കുട്ടികൾ കള്ളം പറയുന്നത് നിയന്ത്രിക്കുന്നതിന് ചെയ്യരുതെന്ന വിലക്കുകൾ നൽകുന്നതിനെക്കാൾ ചെയ്യാനുള്ള നിർദേശങ്ങൾ നൽകുകയാണ് നല്ലതെന്നു തെളിഞ്ഞിട്ടുണ്ട്. കള്ളം പറയരുതെന്ന് ഉപദേശിക്കുന്നതിനെക്കാൾ നല്ലത് സത്യം പറയണം എന്നു പഠിപ്പിക്കുന്നതാണ്. ശിശുമനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഓരോ കുട്ടിയും നിഷേധത്തിന്റെതായ ഒരു ഘട്ടത്തിലൂടെ കടന്നുപോകുക സ്വാഭാവികമാണ്.



അതായത്, വളർച്ചയുടെയും വികാസത്തിന്റെയും ഒരു പ്രത്യേക ഘട്ടത്തിൽ എന്താണോ ചെയ്യാൻ പറയുന്നത് അതിന്റെ വിപരീതം പ്രവർത്തിക്കാനുള്ള ഒരു സ്വാഭാവിക പ്രവണത കുട്ടികളിൽ ഉണ്ടാകും. മുതിർന്നവരുടെ നിർദേശങ്ങൾ അവഗണിക്കുന്നതിലൂടെയോ നിഷേധിക്കുന്നതിലൂടെയോ അവർക്ക് സംതൃപ്തി ലഭിക്കുന്നതാണ് ഇതിനു കാരണം. അതിനാൽ ചെയ്യരുതെന്നു പറയുന്ന നിർദേശങ്ങളെക്കാൾ അവർക്ക് സ്വീകാര്യം ചെയ്യാൻ പറയുന്ന നിർദേശങ്ങളോടായിരിക്കും.

**4. ശിക്ഷ**

തെറ്റിനു തക്കതായ സമയത്തുതന്നെ ശിക്ഷ നൽകി തെറ്റു തിരുത്തിക്കുക എന്നത് വളരെ പഴക്കം ചെന്ന ഒരു സമ്പ്രദായമാണ്. എന്നാൽ കള്ളത്തിനുള്ള ശിക്ഷ പ്രവൃത്തിയുടെ വ്യാപ്തിയെ ആശ്രയിച്ചു മാത്രമെ ആകാവൂ. കള്ളം പറയുന്നവരോട് മിണ്ടാതിരിക്കുക, അവഗണിക്കുക, കൂടുതൽ ശ്രദ്ധിക്കാതിരിക്കുക തുടങ്ങിയ പരോക്ഷ ശിക്ഷകൾ കള്ളം പറയൽ സ്വഭാവത്തെ ചികിത്സിക്കാൻ കൊള്ളാവുന്നതായി തെളിഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ശിക്ഷകളുടെ ദൈർഘ്യം കൂടാതെ സൂക്ഷിക്കേണ്ടതുണ്ട്; അപ്രകാരം സംഭവിച്ചാൽ ഫലം വിപരീതമായിരിക്കും. കുട്ടികൾക്ക് തങ്ങളെ തഴഞ്ഞതായിട്ടുള്ള തോന്നൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കടുത്ത രീതിയിലുള്ള അവഗണന കുട്ടികളിൽ ആക്രമണ സ്വഭാവം ഉണ്ടാകുന്നതിനും വലിയ കുറ്റങ്ങൾ ചെയ്യുന്നതിനും കാരണമാകും. കള്ളം പറയുന്നതും കള്ളം പ്രവർത്തിക്കുന്നതും തെറ്റാണെന്നു ബോധ്യപ്പെടത്തക്ക

**കുട്ടികളിൽ ഭാവനാശക്തി വളരെ കൂടുതലായിട്ടുണ്ട് എന്നാണ് ശിശുമനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പലവിധത്തിലുള്ള ജീവിത സാഹചര്യങ്ങളെയും മറ്റനേകം കാര്യങ്ങളും ഭാവനയിൽ കാണാൻ കുട്ടികൾക്ക് കഴിയും. ഭാവനയുടെ ലോകത്ത് വഴുതിവീഴുമ്പോൾ വിചിത്രമായ കഥകൾ സൃഷ്ടിക്കുന്നതിനും വിചിത്രഭാവനകൾ പ്രകടിപ്പിക്കുന്നതിനും കുട്ടികൾക്കു കഴിയും. അവിശ്വസനീയമായിട്ടുള്ള ഇത്തരം കഥകൾ മറ്റുള്ളവരെക്കൊണ്ടു വിശ്വസിപ്പിക്കാനും അവർ ശ്രമിക്കും. കുട്ടികളെ പുതിയ സ്ഥലങ്ങൾ കാണിക്കുന്നതിനും പുതിയ കാഴ്ചകൾ കാണിക്കുന്നതിനും അധ്യാപകരും രക്ഷാകർത്താക്കളും ശ്രദ്ധിച്ചാൽ ഏറെ നന്നായിരിക്കും.**

വിധത്തിലുള്ള ശിക്ഷകൾ എന്തെങ്കിലും നൽകിയാൽ മതിയാകുന്നതാണ്.

**5. കുട്ടികളുടെ ആവശ്യങ്ങളുടെ പൂർത്തീകരണം**

കുട്ടികളിൽ ഭാവനാശക്തി വളരെ കൂടുതലായിട്ടുണ്ട് എന്നാണ് ശിശുമനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പലവിധത്തിലുള്ള ജീവിത സാഹചര്യങ്ങളെയും മറ്റനേകം കാര്യങ്ങളും ഭാവനയിൽ കാണാൻ കുട്ടികൾക്ക് കഴിയും. ഭാവനയുടെ ലോകത്ത് വഴുതിവീഴുമ്പോൾ വിചിത്രമായ കഥകൾ സൃഷ്ടിക്കുന്നതിനും വിചിത്രഭാവനകൾ പ്രകടിപ്പിക്കുന്നതിനും കുട്ടികൾക്കു കഴിയും. അവിശ്വസനീയമായിട്ടുള്ള ഇത്തരം കഥകൾ മറ്റുള്ളവരെക്കൊണ്ടു വിശ്വസിപ്പിക്കാനും അവർ ശ്രമിക്കും. കുട്ടികളെ പുതിയ സ്ഥലങ്ങൾ കാണിക്കുന്നതിനും പുതിയ കാഴ്ചകൾ കാണിക്കുന്നതിനും അധ്യാപകരും രക്ഷാകർത്താക്കളും ശ്രദ്ധിച്ചാൽ ഏറെ നന്നായിരിക്കും. ഇതു കുട്ടികൾക്ക് പുതിയ അവസരങ്ങൾ പ്രദാനം ചെയ്യും. അറിവു വർധിപ്പിക്കുന്നതിനും ഭാവനകളുടെ പുതിയ ലോകങ്ങളിലേക്ക് വ്യാപരിക്കുന്നതിനും ഇതുമൂലം അവർക്ക് കഴിയുന്നതാണ്.

**ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറൽ**

സ്‌കൂളിൽ പോകാതിരിക്കുക, അനുവാദം കൂടാതെ ക്ലാസ്സിൽനിന്നു പുറത്തുപോയി ചുറ്റിക്കറങ്ങുക എന്നീ സ്വഭാവക്കാരാണ് ഇക്കൂട്ടർ. സ്‌കൂളിൽ അധ്യാപകരും വീട്ടിൽ രക്ഷാകർത്താക്കളും കൗമാര പ്രായക്കാരോട് മോശമായ രീതിയിൽ പെരുമാറുന്നതുമൂലമാണ്

ഇത്തരം വ്യവഹാരം കുട്ടികളിൽ ഉണ്ടാകുന്നത്. പഠിത്തത്തിൽ താൽപര്യം കാട്ടാതിരിക്കുക, സ്കൂൾ പ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കാതിരിക്കുക, സ്കൂൾ ഉപലബ്ധി മോശമായിരിക്കുക തുടങ്ങിയ കാരണങ്ങൾക്ക് ക്ലാസ്സിൽ അധ്യാപകർ കഠിനമായ ശിക്ഷ നൽകുകയും രൂക്ഷമായി വിമർശിക്കുകയും ചെയ്താൽ കൗമാരക്കാർ ഇത്തരം പ്രവൃത്തികളിലേക്ക് വഴതിപ്പോകാവുന്നതാണ്. ക്ലാസ്സുവിട്ടു പുറത്തുപോകുന്ന കൗമാരക്കാർ അടുത്തുള്ള പാർക്കിലോ കവലകളിലോ സിനിമാതിയേറ്ററുകളിലോ പോയി തങ്ങളുടെ സമയം പാഴാക്കുകയാണ് പതിവ്. കൗമാരക്കാർക്ക് അവരുടെ പാഠ്യപദ്ധതിയിൽ താൽപര്യം കണ്ടെത്താൻ കഴിയാത്തതാണ് ഉത്തരവാദിത്തത്തിൽനിന്നും ഒഴിഞ്ഞുമാറാനുള്ള ഒരു പ്രധാന കാരണം. സ്കൂളിനു പുറത്തുള്ള ലോകം അവർക്ക് പ്രചോദനം നൽകാൻ പര്യാപ്തമായിട്ടുള്ള വസ്തുതകൾകൊണ്ടു നിറഞ്ഞതാണ്, അത് അവരെ പ്രലോഭിപ്പിക്കും.

**മോഷണം**

ഒരാളുടെ അറിവോ അനുവാദമോ കൂടാതെ അയാളുടെ എന്തെങ്കിലും വസ്തു എടുത്തുകൊണ്ടു പോകുന്നതിനെയാണ് മോഷണം എന്നു പറയുന്നത്. മോഷണം ഒരു ദുർഗുണവും നിയമവിരുദ്ധ നടപടിയുമാണ്. മോഷ്ടിച്ച വസ്തുവിന്റെ നിസ്സാരതയോ വലിപ്പമോ ഇതിൽ പരിഗണിക്കാറില്ല. അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ മറ്റാരുടെയെങ്കിലും വസ്തുക്കൾ അനധികൃതമായി എടുത്താൽ അതിനെ മോഷണം എന്നുപറയാറില്ല. 4-5 വയസ്സ് പ്രായമുള്ള കുട്ടികൾക്ക്


**കൗമാരത്തിൽ ചെയ്യുന്ന കുറ്റങ്ങളാണ് കൗമാരക്കുറ്റം എന്ന പേരിൽ അറിയപ്പെടുന്നത്. അതായത് 10 മുതൽ 18 വയസ്സുവരെയുള്ള കാലഘട്ടത്തിൽ ചെയ്യുന്ന നിയമലംഘന വ്യവഹാരങ്ങളാണ് കൗമാരക്കുറ്റങ്ങൾ. 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തികൾ ചെയ്യുന്ന മോഷണം, ഒളിച്ചോട്ടം എന്നിവയൊക്കെ കൗമാരകുറ്റങ്ങളിൽ ഉൾപ്പെടും. ഇത്തരം കുറ്റങ്ങൾ സാധാരണമാണെങ്കിലും അവയ്ക്ക് സാമൂഹികാംഗീകാരം ലഭിക്കുന്നതല്ല. ഇത്തരം കുറ്റങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള താക്കീത്. പിഴ, ശിക്ഷ എന്നിവ നൽകി അവ വീണ്ടും ആവർത്തിക്കാതിരിക്കാനുള്ള മാർഗമാണ് സ്വീകരിക്കുക**

മോഷണം എന്താണെന്നു തിരിച്ചറിയാനുള്ള വിവേകം ഉണ്ടായിരിക്കില്ല എന്നതാണ് ഇതിനുള്ള കാരണം. ഈ പ്രായത്തിൽ കുട്ടികളെ അവരുടെ വസ്തുക്കളും മറ്റുള്ളവരുടെ വസ്തുക്കളും എന്ന വസ്തുത പഠിപ്പിക്കേണ്ടതായിട്ടുണ്ട്. എന്റെതെന്നും അവന്റെതെന്നും ഉള്ള കാര്യം മനസ്സിലാക്കാൻ ചില കുട്ടികൾക്ക് കൂടുതൽ സമയം ആവശ്യമായിവരും.

ഒരു പ്രത്യേകതരം വസ്തു മാത്രം മോഷ്ടിക്കുന്നവരുണ്ട്. ഇത് ഒരുതരം മാനസികരോഗമാണ്. ഇങ്ങനെ മോഷ്ടിക്കുന്ന വസ്തു വളരെ നിസ്സാരമോ വളരെ വിലകൂടിയതോ ആകാം. മോഷ്ടാവിൽ കുടികൊള്ളുന്ന ഒരു പ്രത്യേക പ്രേരണയാണിത്; ആ പ്രത്യേക വസ്തു കണ്ടുകഴിഞ്ഞാൽ അത് മോഷ്ടിക്കാതിരിക്കാൻ എത്ര ശ്രമിച്ചാലും അവർക്കു കഴിയുകയില്ല. ഇവർ പ്രേരണയുടെ ഇരയായി മാറും. തടഞ്ഞുനിർത്താൻ കഴിയാത്ത ഒരു പ്രേരണയുടെ ഫലമായി ഒരു പ്രത്യേക വസ്തു മോഷ്ടിക്കുന്ന മാനസികരോഗം ക്ലെപ്റ്റോമേനിയ (Kleptomania) എന്ന പേരിലാണ് അറിയപ്പെടുന്നത്. കോളേജിൽ പഠിക്കുമ്പോൾ ഹോസ്റ്റലിൽ താമസിച്ചിരുന്ന ഒരു കുട്ടിക്ക് ക്ലെപ്റ്റോമേനിയ എന്ന രോഗം ഉണ്ടായിരുന്നു. കുളിക്കാൻ ഉപയോഗിക്കുന്ന സോപ്പുകൾ മോഷ്ടിക്കുകയായിരുന്നു അയാളുടെ ശീലം. ഒരിക്കൽ അയാളെ കൈയോടെ പിടികൂടി പരിശോധിച്ചപ്പോൾ ഹോസ്റ്റൽ മുറിയിൽനിന്ന് ഒരു പെട്ടി നിറയെ മോഷ്ടിച്ച സോപ്പുകൾ കണ്ടെടുത്തു.

**കൗമാര കുറ്റവാസന**

കൗമാരത്തിൽ ചെയ്യുന്ന കുറ്റങ്ങളാണ് കൗമാരക്കുറ്റം എന്ന പേരിൽ അറിയപ്പെടുന്നത്. അതായത് 10 മുതൽ 18 വയസ്സുവരെയുള്ള കാലഘട്ടത്തിൽ ചെയ്യുന്ന നിയമലംഘന വ്യവഹാരങ്ങളാണ് കൗമാരക്കുറ്റങ്ങൾ. 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തികൾ ചെയ്യുന്ന മോഷണം, ഒളിച്ചോട്ടം എന്നിവയൊക്കെ കൗമാരകുറ്റങ്ങളിൽ ഉൾപ്പെടും. ഇത്തരം കുറ്റങ്ങൾ സാധാരണമാണെങ്കിലും അവയ്ക്ക് സാമൂഹികാംഗീകാരം ലഭിക്കുന്നതല്ല. ഇത്തരം കുറ്റങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള താക്കീത്. പിഴ, ശിക്ഷ എന്നിവ നൽകി അവ വീണ്ടും ആവർത്തിക്കാതിരിക്കാനുള്ള മാർഗമാണ് സ്വീകരിക്കുക. വിദ്യാലയത്തിൽ നിന്നുള്ള ഒളിച്ചോട്ടം, മോഷണം, കള്ളവണ്ടികയറിയുള്ള യാത്ര, നിയമവിരുദ്ധ ലഹരിപദാർഥങ്ങളുടെ ഉപയോഗം, വിശേഷ ദിവസങ്ങളിലെ അതിക്രമങ്ങൾ, കൊലപാതകം, ബലാൽസംഗം തുടങ്ങിയ നിരവധി ക്രിമിനൽ വ്യവഹാരങ്ങൾ കൗമാര പ്രായത്തിലെ കുറ്റങ്ങളിൽ അടങ്ങിയിട്ടുണ്ട്.




# കർണാടക ഹൈക്കോടതി വിധി; സ്ത്രീ വിവേചനം

എസ്. എ. സലാം
: 81296 17676



ദേവദത്ത് കാമത്ത്, നിസാം പാഷ, യൂസഫ് മുച്ചാല, സൽമാൻ ഖുർഷിദ് എന്നിവരുടെ വാദ സമർഥനങ്ങളുടെ പെരുമഴക്ക് ശേഷം കർണാടക മുൻ അഡീഷ്യനൽ അഡ്വക്കേറ്റ് ജനറലും നിയമ മേഖലയിലെ വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ആദിത്യ സോഡിയാണ് ബാറ്റൺ ഏറ്റുവാങ്ങിയത്. മറ്റാരും അവതരിപ്പിച്ചിട്ടില്ലാത്ത വിഷയങ്ങളിലേക്കാണ് അദ്ദേഹം ഊളിയിട്ടത്. ശിരോവസ്ത്ര വിധി സമൂഹത്തിൽ സൃഷ്ടിക്കുന്ന വലിയ വിവേചനങ്ങളെ കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.

### ആദിത്യ സോഡി

കർണാടക ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനായ ആദിത്യ സോഡി സുപ്രീംകോടതി മുമ്പാകെ കൊണ്ടുവന്നത് കർണാടക ഹൈക്കോടതി വിധിയിൽ അടങ്ങിയ പരോക്ഷമായ വിധത്തിലുള്ള വിവേചനത്തെ കുറിച്ചായിരുന്നു. ഇന്ത്യൻ സൈന്യത്തിൽ വനിതകൾക്കിടയിൽ വിവേചനം കൽപിച്ചുകൊണ്ടുള്ള നടപടിയുണ്ടായപ്പോൾ അതിനെതിരെ സുപ്രീംകോടതി ആഞ്ഞടിച്ച കാര്യം കേണൽ നിതിഷ യൂണിയൻ ഓഫ് ഇന്ത്യ കേസ് (21/03/2021) ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ശ്രദ്ധയിൽ കൊണ്ടുവന്നു. ഒരു വിഭാഗത്തിനെതിരെ പരോക്ഷമായ രൂപത്തിൽ വിവേചനം കൊണ്ടുവരുന്നത് പ്രസ്തുത വിധിയിലൂടെ സുപ്രീംകോടതി വിലക്കിയിട്ടുണ്ട്. ശിരോവസ്ത്രം വിലക്കിക്കൊണ്ടുള്ള കർണാടകയുടെ നടപടിമൂലം ധാരാളം മുസ്ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോയിരിക്കുന്നതായി പ്യൂപ്പിൾസ് യൂണിയൻ ഫോർ

**ഇന്ത്യൻ സൈന്യത്തിൽ വനിതകൾക്കിടയിൽ വിവേചനം കൽപിച്ചുകൊണ്ടുള്ള നടപടിയുണ്ടായപ്പോൾ അതിനെതിരെ സുപ്രീംകോടതി ആഞ്ഞടിച്ച കാര്യം കേണൽ നിതിഷ യൂണിയൻ ഓഫ് ഇന്ത്യ കേസ് (21/03/2021) ഉദ്ധരിച്ചുകൊണ്ട് കർണാടക ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകനായ ആദിത്യ സോന്ധി ശ്രദ്ധയിൽ കൊണ്ടുവന്നു. ഒരു വിഭാഗത്തിനെതിരെ പരോക്ഷമായ രൂപത്തിൽ വിവേചനം കൊണ്ടുവരുന്നത് പ്രസ്തുത വിധിയിലൂടെ സുപ്രീം കോടതി വിലക്കിയിട്ടുണ്ട്. ശിരോവസ്ത്രം വിലക്കിക്കൊണ്ടുള്ള കർണാടകയുടെ നടപടിമൂലം ധാരാളം മുസ്‌ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോയിരിക്കുന്നതായി പ്യൂപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിരോവസ്ത്രം ധരിക്കുന്നത് ഓരോരുത്തരുടെയും ഹിതമനുസരിച്ചാണ്. ഞാൻ ലോ കോളേജിൽ പഠിക്കുന്ന കാലത്ത് ശിരോവസ്ത്രം ധരിക്കാത്ത മുസ്‌ലിം പെൺകുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ ഇവിടെ, ഒരു പ്രാഥമിക വിദ്യാലയത്തിൽ, ഒരു കുടുംബത്തിൽനിന്നും എത്തുന്ന ആദ്യത്തെ പഠിതാവിന് പോലും വിദ്യാഭ്യാസവിലക്ക് സംഭവിക്കുകയാണ് എന്ന് നാം മനസ്സിലാക്കണം. അത് രാജ്യത്തിന്റെ സാമൂഹിക, സാമ്പത്തിക സ്ഥിതിഗതികളെ ബാധിക്കും.**

സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിരോവസ്ത്രം ധരിക്കുന്നത് ഓരോരുത്തരുടെയും ഹിതമനുസരിച്ചാണ്. ഞാൻ ലോ കോളേജിൽ പഠിക്കുന്ന കാലത്ത് ശിരോവസ്ത്രം ധരിക്കാത്ത മുസ്‌ലിം പെൺകുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ ഇവിടെ, ഒരു പ്രാഥമിക വിദ്യാലയത്തിൽ, ഒരു കുടുംബത്തിൽനിന്നും എത്തുന്ന ആദ്യത്തെ പഠിതാവിന് പോലും വിദ്യാഭ്യാസവിലക്ക് സംഭവിക്കുകയാണ് എന്ന് നാം മനസ്സിലാക്കണം. അത് രാജ്യത്തിന്റെ സാമൂഹിക, സാമ്പത്തിക സ്ഥിതിഗതികളെ ബാധിക്കും.

### ഈസോപ്പ് കഥകളിലെ കുറുക്കനും കൊക്കും

ഈസോപ്പ് കഥകളിൽ കുറുക്കനും കൊക്കിനും ആഴം കുറഞ്ഞ പാത്രത്തിൽ സൂപ്പ് വിളമ്പുന്ന ഒരു കഥയുണ്ട്. ആഴം കുറഞ്ഞ പാത്രം നിഷ്പക്ഷമാണെന്ന് തോന്നാമെങ്കിലും നീളമുള്ള ചുണ്ട് കാരണം കൊക്കിന് സൂപ്പ് കുടിക്കാൻ കഴിയില്ല എന്ന യാഥാർഥ്യം അറിഞ്ഞുകൊണ്ട് അങ്ങനെ നാം ചെയ്യുന്നത് നിഷ്പക്ഷമല്ലല്ലോ. അത് പക്ഷപാതിത്വമാണെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ ശിരോവസ്ത്രം നിർബന്ധമായും ധരിക്കണമെന്ന് വിശ്വസിക്കുന്ന കുട്ടികൾക്കും മറ്റുള്ളവർക്കും ഒരേ ‘പാത്രം’ നൽകുന്നത് നീതിയാവില്ല. അത് പരോക്ഷ വിവേചനമാണ്.

### മുസ്‌ലിം വിദ്യാർഥിനികളും ഹോബ്സൺസ് ചോയ്സും

എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസമാണ് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്നത്. ഹിജാബ്, ബുർഖ എന്നിവയുടെ പേരിൽ മുസ്‌ലിം വിദ്യാർഥിനികൾ വിവേചനം നേരിടുന്നു എന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ട് വ്യക്തമാക്കുന്നു. തൊഴിലില്ലാത്ത ഒരു വ്യക്തി കുറഞ്ഞവേതനം ലഭിക്കുന്ന ജോലി തെരഞ്ഞെടുക്കാൻ നിർബന്ധിതനാകുന്ന സാഹചര്യം ഡോ. അംബേദ്കർ



വിശദീകരിക്കുന്നുണ്ട്. ഒന്നും ലഭിച്ചില്ലെങ്കിൽ മൗലികാവകാശങ്ങൾ പോലും ത്യജിക്കാൻ അവർ നിർബന്ധിതരായിത്തീരും. ഇവിടെ പെൺകുട്ടികളിൽ 'ഏകനിവൃത്തി' (Hobsons Choice) അടിച്ചേൽപിക്കപ്പെടുകയാണ്. അവർക്ക് മറ്റൊരു ചോയ്സ് തെരഞ്ഞെടുക്കാനില്ല. വിദ്യാഭ്യാസം ഉപേക്ഷിക്കുക എന്ന ചോയ്സ് മാത്രമെ അവരുടെ മുമ്പിലുള്ളൂ.

**നൈജീരിയൻ കോടതി വിധി**

സ്കൂളുകളിൽ ഹിജാബ് ധരിക്കുന്നതിനെതിരെയുള്ള നിർദേശം നിയമവിരുദ്ധമാണെന്ന് നൈജീരിയയിലെ സുപ്രീം കോടതിയുടെ സമീപകാല വിധിയെ കുറിച്ച് സോന്ധി പരാമർശിച്ചു. മുസ്‌ലിം സ്ത്രീകൾ തല നിർബന്ധമായും മറച്ചിരിക്കണമെന്ന ഖുർആൻ സൂക്തങ്ങൾ നൈജീരിയൻ വിധി ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വായിച്ചുകേൾപിച്ചു. ഹിജാബ് ധരിക്കുന്നത് മറ്റുള്ളവരുടെ മൗലികാവകാശങ്ങളെ ലംഘിക്കുന്നില്ലെന്നും അരാജകത്വത്തിലേക്കോ അനൈക്യത്തിലേക്കോ നയിക്കുന്നില്ലെന്നും നൈജീരിയൻ വിധിയിൽ പരാമർശിച്ച ഭാഗങ്ങൾ അദ്ദേഹം വായിച്ചു. വളരെക്കാലമായി കുട്ടികൾ ശിരോവസ്ത്രം ധരിച്ചുവരുന്നു എന്നത് സത്യമാണ്. പിന്നെ എവിടെയാണ് ക്രമസമാധാന പ്രശ്നമെന്ന് കോടതി സംസ്ഥാന സർക്കാരിനോട് ചോദിക്കണം. വിദ്യാർഥിനികൾക്ക് അവരുടെ അവകാശം തെളിയിക്കാനുള്ള എല്ലാം അവരുടെ കൈകളിൽ ഉണ്ടെങ്കിൽ, വിലക്ക് ഏർപ്പെടുത്താനുള്ള കാരണം ബോധിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.

**കൊടവരുടെ അവകാശം**

ഞാൻ കർണാടകയിൽ നിന്നുമാണ് വരുന്നത്. കൊടവ സമൂഹത്തിന്റെ (Kodava People) കാര്യത്തിൽ അടുത്തിടെ വന്ന കർണാടക ഹൈക്കോടതി വിധി ഇക്കാര്യത്തിൽ പ്രസക്തമാണ്. കൊടവർക്ക് ആയുധം ധരിക്കാൻ അവകാശമുണ്ടെന്നും ആയുധനി



യമപ്രകാരമുള്ള നിയന്ത്രണങ്ങൾ അവരുടെ ആചാരപരമായ അവകാശങ്ങളെ പരിമിതപ്പെടുത്തില്ലെന്നുമാണ് കോടതി വിധിച്ചത്. അതൊരു സാംസ്കാരിക അവകാശമാണെന്നായിരുന്നു കോടതിയുടെ കണ്ടെത്തൽ. സാംസ്കാരികമായ അവകാശം, മതപരമായ അവകാശം, വ്യക്തിപരമായ അന്തസ്സ് തുടങ്ങിയവയ്ക്കിടയിലുള്ള വ്യത്യാസം വളരെ നേർത്തതാണെന്നും സോന്ധി പറഞ്ഞു. കർണാടക ഹൈക്കോടതിവിധി മുസ്‌ലിം വിദ്യാർഥിനികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ഗൗരവം കൃത്യമായി ബോധ്യപ്പെടുത്തിക്കൊണ്ടാണ് ആദിത്യ സോന്ധി അദ്ദേഹത്തിന്റെ വാദങ്ങൾ ഉപസംഹരിച്ചത്.

> **മുസ്‌ലിം സ്ത്രീകൾ തല നിർബന്ധമായും മറച്ചിരിക്കണമെന്ന ഖുർആൻ സൂക്തങ്ങൾ നൈജീരിയൻ വിധി ഉദ്ധരിച്ചുകൊണ്ട് വായിച്ചുകേൾപിച്ചു. ഹിജാബ് ധരിക്കുന്നത് മറ്റുള്ളവരുടെ മൗലികാവകാശങ്ങളെ ലംഘിക്കുന്നില്ലെന്നും അരാജകത്വത്തിലേക്കോ അനൈക്യത്തിലേക്കോ നയിക്കുന്നില്ലെന്നും നൈജീരിയൻ വിധിയിൽ പരാമർശിച്ച ഭാഗങ്ങൾ അദ്ദേഹം വായിച്ചു. വളരെക്കാലമായി കുട്ടികൾ ശിരോവസ്ത്രം ധരിച്ചുവരുന്നു എന്നത് സത്യമാണ്. പിന്നെ എവിടെയാണ് ക്രമസമാധാന പ്രശ്നമെന്ന് കോടതി സംസ്ഥാന സർക്കാരിനോട് ചോദിക്കണം. വിദ്യാർഥിനികൾക്ക് അവരുടെ അവകാശം തെളിയിക്കാനുള്ള എല്ലാം അവരുടെ കൈകളിൽ ഉണ്ടെങ്കിൽ, വിലക്ക് ഏർപ്പെടുത്താനുള്ള കാരണം ബോധിപ്പിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.**

ആദിത്യ സോന്ധിക്ക് ശേഷം ഇന്ത്യയിലെ ഏറ്റവും സീനിയർ അഭിഭാഷകരിൽ ഒരാളും ഇന്റർനാഷണൽ കമ്മീഷൻ ഓഫ് ജൂറിസ്റ്റ്സ് കമ്മീഷണറുമായ രാജീവ് ധവാനായിരുന്നു. ബാബരി കേസിൽ മുസ്‌ലിം സമൂഹത്തിനു വേണ്ടി രംഗത്തുവന്നിരുന്ന അഭിഭാഷക സംഘത്തിന് നേതൃത്വം നൽകിയിരുന്നതും അദ്ദേഹമായിരുന്നു. നിരവധി നിയമ ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ലോകത്തെ അറിയപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകൻ കൂടിയാണ്.

*രാജീവ് ധവാൻ*

**നിരോധനത്തിനു പിന്നിൽ ഇസ്‌ലാം വിരോധം**

മുസ്‌ലിം വിദ്യാർഥിനികൾക്ക് ശിരോവസ്ത്രം ധരിക്കാനുള്ള അവകാശം നാലു കാര്യങ്ങളാൽ സ്ഥിരപ്പെട്ടിരിക്കുന്നു:

1. അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ ലഭിക്കുന്ന വസ്ത്ര സ്വാതന്ത്ര്യം.
2. സ്വകാര്യത എന്ന മൗലികാവകാശം.
3. അത്യന്താപേക്ഷിത മതാചാരം.
4. ശിരോവസ്ത്രം ധരിക്കുന്നവരുടെ മേൽ മതം, ലിംഗം എന്നിവയുടെ പേരിൽ വിവേചനം കാണിക്കാൻ പാടില്ല.

ഏറ്റവും പ്രധാനം വിവേചനമാണ്. ഈ കേസിൽ കർണാടക ഹൈക്കോടതി വിധി പറഞ്ഞപ്പോൾ മാധ്യമങ്ങളിൽ വന്ന വാർത്ത വസ്ത്രനിയമത്തെ കുറിച്ചായിരുന്നില്ല; മറിച്ച് ഹിജാബ് നിരോധിക്കപ്പെട്ടു എന്നായിരുന്നു. പത്രങ്ങളിൽ വരുന്നത് ഞങ്ങൾ പരിഗണിക്കുന്നില്ലെന്ന് കോടതി അഭിപ്രായപ്പെട്ടെങ്കിലും പത്രങ്ങളിൽ വരുന്നതുതന്നെയാണ് ജനങ്ങൾക്ക് പ്രധാനമെന്ന് ധവാൻ ഓർമിപ്പിച്ചു. ഇസ്‌ലാമിന് അനുകൂലമായി എന്തുവന്നാലും അതെല്ലാം ഭൂരിപക്ഷ സമുദായത്തിന് അതൃപ്തി ഉളവാക്കുന്ന വിധത്തിലുള്ള അവസ്ഥ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പശുവിന്റെ പേരിലുള്ള ആൾക്കൂട്ട അക്രമങ്ങൾ മുതലായവ ധവാൻ ചൂണ്ടിക്കാട്ടി.

എന്റെ കക്ഷി പ്രീ യൂണിവേഴ്സിറ്റി വിദ്യാർഥിനിയാണ്. കരാട്ടെയിൽ ചാമ്പ്യൻഷിപ്പ് നേടിയ അവൾ ശിരോവസ്ത്രം ധരിച്ചുകൊണ്ടാണ് അവയിലെല്ലാം പങ്കെടുത്തത്. 2021 ജൂലൈ മാസത്തിൽ സർക്കാർ പുറപ്പെടുവിച്ച നിർദേശങ്ങളിൽ പ്രീ യൂണിവേഴ്സിറ്റിയിൽ യൂണിഫോം നിർബന്ധമാക്കിയിരുന്നില്ല. ഏതെങ്കിലും സ്ഥാപനം അത് നിർബന്ധമാക്കിയാൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്നായിരുന്നു വ്യക്തമാക്കിയിരുന്നത്. അതായത് ജൂലൈ 21 വരെ ശിരോവസ്ത്രം അനുവദനീയമായിരുന്നു. 2021 സെപ്റ്റംബറിലാണ് വിദ്യാർഥിനികൾ ഹിജാബ് ധരിച്ചുവന്നതിന്റെ പേരിൽ തടയപ്പെടുന്നതും ആക്ഷേപിക്കപ്പെടുന്നതും.

**കേന്ദ്രീയ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം ധരിക്കാനുള്ള അനുമതിയുണ്ട് എന്ന വസ്തുത കോടതി ശ്രദ്ധിക്കേണ്ടതുണ്ട്. ശിരോവസ്ത്രം ധരിക്കാത്തവർക്ക് പിഴയോ ശിക്ഷയോ വിധിച്ചിട്ടില്ല എന്ന കർണാടക ഹൈക്കോടതിയുടെ നിഗമനം ദുരൂഹമാണ്. അത്തരം കാര്യങ്ങളിൽ വിധി പറയാൻ നാമാരും മൗലവിമാരോ പണ്ഡിതന്മാരോ അല്ല. മതപ്രമാണങ്ങളുടെ അടിസ്ഥാനത്തിലും വളരെക്കാലമായി ആചരിച്ചു വരുന്ന ആചാരങ്ങളുടെ അടിസ്ഥാനത്തിലും ഒരു കാര്യം സത്യസന്ധമാണെന്ന് തെളിഞ്ഞാൽ അത് അനുവദിക്കുക നിർബന്ധമാണെന്ന് ബിജോയ് ഇമ്മാനുവൽ വിധി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ശിരോവസ്ത്രം നിർബന്ധമാണോ എന്ന കാര്യം ഒരു തർക്ക വിഷയമാണെങ്കിൽ ഏത് സമിതിയാണ് അതിന് തീരുമാനം പ്രഖ്യാപിക്കുക എന്ന് ധവാനോട് ജസ്റ്റിസ് ധൂലിയ ചോദിച്ചു. ലോകത്താകമാനം മുസ്‌ലിംകൾ ആചരിച്ചുവരുന്ന ഇക്കാര്യത്തിൽ എന്ത് തർക്കമാണ് ഉന്നയിക്കാനുള്ളത് എന്നായിരുന്നു രാജീവ് ധവാന്റെ പ്രതികരണം.**

### മുൻ കോടതിവിധികൾക്ക് ദുർവ്യാഖ്യാനം

ലോകത്തെവിടെയും ഹിജാബ് അനുവദിച്ചതായി കാണാം. കെനിയയിൽ ഹിജാബ് നിരോധിക്കാനുള്ള ശ്രമങ്ങളുണ്ടായപ്പോൾ പരമോന്നത കോടതി അത് ഭരണഘടന വിരുദ്ധമാണെന്നാണ് വിധിയെഴുതിയത്. കർണാടക സർക്കാരിന്റെ ഉത്തരവിൽ ഹിജാബ് വിലക്കിന് പിൻബലമായി അവർ നൽകിയ ബോംബെ ഹൈക്കോടതിവിധി അസ്ഥാനത്താണ് ഉദ്ധരിച്ചിരിക്കുന്നത്. ബോംബെ ഹൈക്കോടതിയുടെ ഉത്തരവുണ്ടെന്ന് പറയുന്ന ഫാത്തിമ ഹുസൈൻ ഭാരത് എഡ്യുക്കേഷൻ സൊസൈറ്റി കേസിൽ ശിരോവസ്ത്രത്തിനുള്ള വിലക്ക് കോടതി ശരിവച്ചത് മുംബൈയിലെ കാർത്തിക സ്കൂളിലെ ഗേൾസ് സെക്ഷനിൽ മാത്രമാണ്. സ്ത്രീകൾ മാത്രമിരിക്കുന്ന സ്ഥലത്ത് ശിരോവസ്ത്രം നിർബന്ധമാണെന്ന് പറയാൻ സാധിക്കില്ല എന്ന് മാത്രമാണ് കോടതി പറഞ്ഞത്. അതേസമയം ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പഠിക്കുന്ന സഹവിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് ശിരോവസ്ത്രം ധരിക്കാനുള്ള അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് കോടതി വിധിയിൽനിന്നും മനസ്സിലാക്കാം. അതുകൊണ്ടുതന്നെ കർണാടക സർക്കാരിന്റെ ജി.ഒ വളരെ ദുർബലമായ വാദങ്ങളിലാണ് കെട്ടിപ്പടുത്തിട്ടുള്ളത് എന്ന് മനസ്സിലാക്കാം.

### സ്ഥാപിക്കപ്പെട്ട മുസ്‌ലിം ആചാരം

കേന്ദ്രീയ വിദ്യാലയങ്ങളിൽ ശിരോവസ്ത്രം ധരിക്കാനുള്ള അനുമതിയുണ്ട് എന്ന വസ്തുത കോടതി ശ്രദ്ധിക്കേണ്ടതുണ്ട്. ശിരോവസ്ത്രം ധരിക്കാത്തവർക്ക് പിഴയോ ശിക്ഷയോ വിധിച്ചിട്ടില്ല എന്ന കർണാടക ഹൈക്കോടതിയുടെ നിഗമനം ദുരൂഹമാണ്. അത്തരം കാര്യങ്ങളിൽ വിധി പറയാൻ നാമാരും മൗലവിമാരോ പണ്ഡിതന്മാരോ അല്ല. മതപ്രമാണങ്ങളുടെ അടിസ്ഥാനത്തിലും വളരെക്കാലമായി ആചരിച്ചുവരുന്ന ആചാരങ്ങളുടെ അടിസ്ഥാനത്തിലും ഒരു കാര്യം സത്യസന്ധമാണെന്ന് തെളിഞ്ഞാൽ അത് അനുവദിക്കുക നിർബന്ധമാണെന്ന് ബിജോയ് ഇമ്മാനുവൽ വിധി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ശിരോവസ്ത്രം നിർബന്ധമാണോ എന്ന കാര്യം ഒരു തർക്കവിഷയമാണെങ്കിൽ ഏത് സമിതിയാണ് അതിന് തീരുമാനം പ്രഖ്യാപിക്കുക എന്ന് ധവാനോട് ജസ്റ്റിസ് ധൂലിയ ചോദിച്ചു. ലോകത്താകമാ

നം മുസ്‌ലിംകൾ ആചരിച്ചുവരുന്ന ഇക്കാര്യത്തിൽ എന്ത് തർക്കമാണ് ഉന്നയിക്കാനുള്ളത് എന്നായിരുന്നു രാജീവ് ധവാന്റെ പ്രതികരണം.

**വേദവാക്യങ്ങളല്ല, നടപ്പുരീതികളാണ് പരിഗണിക്കേണ്ടത്**

വിശ്വാസപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കാര്യം ഒരാൾ പിന്തുടരാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് അനുവദിക്കേണ്ടതാണ്. അത് ആചരിച്ചുവരുന്നതായി ബോധ്യപ്പെട്ടാൽ പിന്നീട് വേദവാക്യങ്ങൾ പരിശോധിക്കേണ്ട ആവശ്യമില്ല. ആചാരം പ്രചാരത്തിലുള്ളതാണോ എന്ന് മാത്രമെ നോക്കേണ്ടതുള്ളൂ. സുപ്രീം കോടതി മുൻ ജസ്റ്റിസ് മനോജ് കുമാർ മുഖർജി പറഞ്ഞതുപോലെ ഹൈന്ദവ പ്രമാണങ്ങൾ തിരഞ്ഞുനോക്കിയാൽ അമ്പലങ്ങളെ കുറിച്ച് യാതൊന്നും കാണാൻ സാധിച്ചെന്നുവരില്ല. എന്നാൽ വളരെക്കാലമായി ഹിന്ദുക്കളുടെ ആചാരപരമായ കാര്യങ്ങളിൽ പെട്ടതാണ് അമ്പലങ്ങളെന്ന് ഏവർക്കും അറിയാവുന്ന കാര്യമാണ്. പ്രമാണങ്ങളിലെ ടെക്സ്റ്റുകൾ നോക്കിയല്ല, മറിച്ച് ആചാരപരമായും ചരിത്രപരമായും നിലനിന്നുവന്നതാണോ എന്നതാണ് കോടതി പരിഗണിക്കേണ്ടത്. ഹിജാബ് വളരെക്കാലമായി കർണാടകയിൽ ഒരു ആചാരമായി നിലനിന്നുവന്നതാണെങ്കിൽ മറ്റൊരാൾക്കും അതിനെ ചോദ്യം ചെയ്യാനുള്ള അവകാശമില്ല. 1954ലെ രത്തിലാൽ ഗാന്ധി സ്റ്റേറ്റ് ഓഫ് ബോംബേ കേസിലെ വിധിന്യായം ഉപോദ്ബലകമായി ധവാൻ ഉദ്ധരിച്ചു. 'ഇതാണ് സമുദായത്തിന്റെ വിശ്വാസമെങ്കിൽ, അത് സമുദായത്തിന്റെ വിശ്വാസമാണെന്ന് നിസ്സംശയമായും തെളിയിക്കപ്പെട്ടാൽ, മതേതര വിശ്വാസിയായ ന്യായാധിപൻ ആ വിശ്വാസം അംഗീകരിക്കാൻ ബാധ്യസ്ഥനാണ്.'

**കേരള ഹൈക്കോടതിവിധി പ്രസക്തം**

'അതിനാൽ, ഖുർആനിക നിർദേശങ്ങളുടെയും ഹദീസുകളുടെയും വിശകലനം കാണിക്കുന്നത് തല മറയ്ക്കുന്നതും മുഖഭാഗം ഒഴികെയുള്ള നീളൻ കൈയുള്ള വസ്ത്രം ധരിക്കുന്നതും നിർബന്ധമാണെന്നും ശരീരം തുറന്നുകാട്ടുന്നത് നിഷിദ്ധമാണെന്നുമാണ്.' കേരള ഹൈക്കോടതിയുടെ ഹിജാബുമായി ബന്ധപ്പെട്ട വിധിയിൽനിന്നും ധവാൻ ഈ ഭാഗം ഉദ്ധരിച്ചു. കേരള ഹൈക്കോടതി അത് ഫർദ് (നിർബന്ധം) ആണെന്ന് പറയുന്നതാണോ താങ്കളുടെ പ്രധാനപ്പെട്ട പോയിന്റ് എന്ന ബെഞ്ചിന്റെ ചോദ്യത്തിന് അത് നിർബന്ധമാണെന്നതിനെക്കാൾ നിലനിന്നുവരുന്ന ആചാരമാണ് എന്നാണ് പ്രധാനപ്പെട്ട പോയിന്റ് എന്ന് ധവാൻ പറഞ്ഞു. കേരളത്തിൽ നടന്ന ആൾ ഇന്ത്യ പ്രീമെഡിക്കൽ ടെസ്റ്റിൽ കോപ്പിയടി തടയുക എന്ന ഉദ്ദേശ്യത്തോടെയാണ് പരീക്ഷാബോർഡ് ശിരോവസ്ത്രത്തിനെതിരെ നിയമം കൊണ്ടുവന്നത്. എന്നിട്ടും കോടതി അംഗീകരിച്ചില്ല. എന്നാൽ കർണാടകയിൽ അങ്ങനെ പ്രത്യേകമായ യാതൊരു ഉദ്ദേശ്യവും സർക്കാർ വ്യക്തമാക്കിയിട്ടില്ല. ദശലക്ഷക്കണക്കിന് സ്ത്രീകൾ ഹിജാബ് ധരിക്കുന്നുണ്ടെന്ന വസ്തുത മറച്ചുപിടിച്ചുകൊണ്ട് നിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുമോ? പൊതുസ്ഥലങ്ങളിൽ ക്രമസമാധാന ഭംഗമില്ലാതെ ധരിക്കാമെങ്കിൽ ക്ലാസുകളിൽ എന്തുകൊണ്ട് ധരിച്ചുകൂടാ? മുഖം മറയുന്ന ബുർഖ ധരിക്കാൻ പാടില്ലെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. കാരണം സ്കൂൾ അധികൃതർക്ക് മുഖം കണ്ട് ആളെ തിരിച്ചറിയേണ്ടതുണ്ട്. പക്ഷേ, തല മറയ്ക്കരുത് എന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത്? യൂണിഫോമിന്റെ അതേ നിറത്തിലുള്ള ശിരോവസ്ത്രം ധരിക്കണമെന്ന് വിദ്യാർഥികൾ പറയുമ്പോൾ അത് സ്വീകരിക്കുന്നതിൽ എന്ത് അപകടമാണുള്ളത്?


**ഏറ്റവും കുറഞ്ഞ നിയന്ത്രിത ബദൽ കൊണ്ടുവരിക എന്നതാണ് ഇവിടെ ആപേക്ഷികമായി നല്ലത്. അത് യൂണിഫോമിന്റെ നിറത്തോട് യോജിക്കുന്ന ശിരോവസ്ത്രം എന്നതാണ്. 'യെസ്' അല്ലെങ്കിൽ 'നോ' എന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന വിധത്തിലുള്ള നിലപാടാണ് വേണ്ടത്. ഒരു വിഭാഗത്തെ ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ ഉത്തരവ് എന്നത് വളരെ വ്യക്തമാണ്. അങ്ങനെ ഒരു വിഭാഗത്തെ പാർശ്വവൽക്കരിക്കുന്ന തരത്തിലുള്ള നിയമങ്ങൾ ഭരണഘടനാ ലംഘനമാണ്. ഭരണഘടനയുടെ 14,15 അനുച്ഛേദങ്ങൾക്ക് വിരുദ്ധമാണ്.**


**ഇൻക്ലൂസിവ് പോളിസി അനിവാര്യം**

ഇതുപോലുള്ള സംവേദനക്ഷമതയുള്ള കാര്യങ്ങളിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള നയം (Inclusive Policy)) സ്വീകരിക്കുകയാണ് വേണ്ടത്. 2021 ജൂലൈ 1 വരെ ഹിജാബിനെതിരെ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. അതിനുശേഷം വ്യാപകമായ ക്യാംപെയിൻ ഹിജാബിനെതിരെ ചിലർ നടത്തുകയായിരുന്നു. ആപേക്ഷികതാ തത്ത്വമാണ് (Proportionality Theory) ഇവിടെ ഉപയോഗിക്കേണ്ടത്. ഏറ്റവും കുറഞ്ഞ നിയന്ത്രിത ബദൽ കൊണ്ടുവരിക എന്നതാണ് ഇവിടെ ആപേക്ഷികമായി നല്ലത്. അത് യൂണിഫോമിന്റെ നിറത്തോട് യോജിക്കുന്ന ശിരോവസ്ത്രം എന്നതാണ്. 'യെസ്' അല്ലെങ്കിൽ 'നോ' എന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന വിധത്തിലുള്ള നിലപാടാണ് വേണ്ടത്. ഒരു വിഭാഗത്തെ ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ ഉത്തരവ് എന്നത് വളരെ വ്യക്തമാണ്. അങ്ങനെ ഒരു വിഭാഗത്തെ പാർശ്വവൽക്കരിക്കുന്ന തരത്തിലുള്ള നിയമങ്ങൾ ഭരണഘടനാ ലംഘനമാണ്. ഭരണഘടനയുടെ 14, 15 അനുച്ഛേദങ്ങൾക്ക് വിരുദ്ധമാണ്.


**(അടുത്ത ലക്കത്തിൽ: 'ശിരോവസ്ത്ര നിരോധനം ഭ്രാതൃഭാവം തകർക്കും')**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 43

# അസ്സുഖ്റുഫ്

(സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَآ إِلَىٰ فِرْعَوْنَ
وَمَلَإِي۟هِۦ فَقَالَ إِنِّى رَسُولُ رَبِّ ٱلْعَـٰلَمِينَ
﴿٤٦﴾

فَلَمَّا جَآءَهُم بِـَٔايَـٰتِنَآ إِذَا هُم مِّنْهَا يَضْحَكُونَ ﴿٤٧﴾

وَمَا نُرِيهِم مِّنْ ءَايَةٍ إِلَّا هِىَ أَكْبَرُ مِنْ
أُخْتِهَا ۖ وَأَخَذْنَـٰهُم بِٱلْعَذَابِ لَعَلَّهُمْ يَرْجِعُونَ
﴿٤٨﴾

وَقَالُوا۟ يَـٰٓأَيُّهَ ٱلسَّاحِرُ ٱدْعُ لَنَا رَبَّكَ بِمَا عَهِدَ
عِندَكَ إِنَّنَا لَمُهْتَدُونَ ﴿٤٩﴾

فَلَمَّا كَشَفْنَا عَنْهُمُ ٱلْعَذَابَ إِذَا هُمْ
يَنكُثُونَ ﴿٥٠﴾

46. മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി ഫിർഔന്റെയും അവന്റെ പൗരമുഖ്യന്മാരുടെയും അടുത്തേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ ലോകരക്ഷിതാവിന്റെ ദൂതനാകുന്നു.

47. അങ്ങനെ അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുത്ത് ചെന്നപ്പോൾ അവരതാ അവയെ കളിയാക്കി ചിരിക്കുന്നു.

48. അവർക്ക് നാം ഓരോ ദൃഷ്ടാന്തവും കാണിച്ചുകൊടുത്തുകൊണ്ടിരുന്നത് അതിന്റെ ഇണയെക്കാൾ മഹത്തരമായിക്കൊണ്ട് തന്നെയായിരുന്നു. അവർ (ഖേദിച്ചു) മടങ്ങുവാൻ വേണ്ടി നാം അവരെ ശിക്ഷകൾ മുഖേന പിടികൂടുകയും ചെയ്തു.

49. അവർ പറഞ്ഞു: ഹേ, ജാലവിദ്യക്കാരാ! താങ്കളുമായി താങ്കളുടെ രക്ഷിതാവ് കരാർ ചെയ്തിട്ടുള്ളതനുസരിച്ച് ഞങ്ങൾക്കുവേണ്ടി താങ്കൾ അവനോട് പ്രാർഥിക്കുക. തീർച്ചയായും ഞങ്ങൾ നേർമാർഗം പ്രാപിക്കുന്നവർ തന്നെയാകുന്നു.

50. എന്നിട്ട് അവരിൽനിന്ന് നാം ശിക്ഷ എടുത്തുകളഞ്ഞപ്പോൾ അവരതാ വാക്കുമാറുന്നു.

وَنَادَىٰ فِرْعَوْنُ فِي قَوْمِهِۦ قَالَ يَٰقَوْمِ أَلَيْسَ لِي مُلْكُ مِصْرَ وَهَٰذِهِ ٱلْأَنْهَٰرُ تَجْرِي مِن تَحْتِيٓ ۖ أَفَلَا تُبْصِرُونَ ﴿٥١﴾

أَمْ أَنَا۠ خَيْرٌ مِّنْ هَٰذَا ٱلَّذِي هُوَ مَهِينٌ وَلَا يَكَادُ يُبِينُ ﴿٥٢﴾

فَلَوْلَآ أُلْقِيَ عَلَيْهِ أَسْوِرَةٌ مِّن ذَهَبٍ أَوْ جَآءَ مَعَهُ ٱلْمَلَٰٓئِكَةُ مُقْتَرِنِينَ ﴿٥٣﴾

فَٱسْتَخَفَّ قَوْمَهُۥ فَأَطَاعُوهُ ۚ إِنَّهُمْ كَانُوا۟ قَوْمًا فَٰسِقِينَ ﴿٥٤﴾

فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٥٥﴾

فَجَعَلْنَٰهُمْ سَلَفًا وَمَثَلًا لِّلْءَاخِرِينَ ﴿٥٦﴾

۞ وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ﴿٥٧﴾

51. ഫിർഔൻ തന്റെ ജനങ്ങൾക്കിടയിൽ ഒരു വിളംബരം നടത്തി. അവൻ പറഞ്ഞു: എന്റെ ജനങ്ങളേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികൾ ഒഴുകുന്നതാകട്ടെ എന്റെ കീഴിലൂടെയാണ്. എന്നിരിക്കെ നിങ്ങൾ (കാര്യങ്ങൾ) കണ്ടറിയുന്നില്ലേ?

52. അല്ല, ഹീനനായിട്ടുള്ളവനും വ്യക്തമായി സംസാരിക്കാൻ കഴിയാത്തവനുമായ ഇവനെക്കാൾ ഉത്തമൻ ഞാൻ തന്നെയാകുന്നു.

53. അപ്പോൾ ഇവന്റെമേൽ സ്വർണവളകൾ അണിയിക്കപ്പെടുകയോ, ഇവനോടൊപ്പം തുണയായിക്കൊണ്ട് മലക്കുകൾ വരികയോ ചെയ്യാത്തതെന്താണ്?

54. അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിഡ്ഢികളാക്കി. അവർ അവനെ അനുസരിച്ചു. തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു.

55. അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ നാം അവരെ ശിക്ഷിച്ചു. അവരെ നാം മുക്കി നശിപ്പിച്ചു.

56. അങ്ങനെ അവരെ പൂർവമാതൃകയും പിന്നീട് വരുന്നവർക്ക് ഒരു ഉദാഹരണവും ആക്കിത്തീർത്തു.

57. മർയമിന്റെ മകൻ ഒരു ഉദാഹരണമായി എടുത്തുകാണിക്കപ്പെട്ടപ്പോൾ നിന്റെ ജനതയതാ അതിന്റെ പേരിൽ ആർത്തുവിളിക്കുന്നു.

46). അല്ലാഹു പറയുന്നു: (നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചുനോക്കുക. പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്) ഇത് പറഞ്ഞ സന്ദർഭത്തിൽ അല്ലാഹു പരാമർശിക്കുന്നത് പ്രവാചകന്മാരിൽ പ്രശസ്തനായ മൂസാനബി(അ)യുടെ പ്രബോധനമാണ്. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ ഏറ്റവുമധികം പരാമർശിച്ചതും അതാണ്; ഫിർഔനിനോടൊപ്പമുള്ള അദ്ദേഹത്തിന്റെ ചരിത്രം പറയാനും. (മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അയക്കുകയുണ്ടായി) ആ ദൃഷ്ടാന്തങ്ങൾ അദ്ദേഹം കൊണ്ടുവന്നതിന്റെ സത്യതയെ സ്ഥാപിക്കുന്നതായിരുന്നു. വടി, പാമ്പ്, വെട്ടുകിളി, പേൻ എന്നിവ പോലെയുള്ളത്. (ഫിർഔനിന്റെയും അവന്റെ പൗരമുഖ്യന്മാരുടെയും അടുത്തേക്ക് നാം അയക്കുകയുണ്ടായി. തീർച്ചയായും ഞാൻ ലോകരക്ഷിതാവിന്റെ ദൂതനാകുന്നു) തങ്ങളുടെ രക്ഷിതാവിനെ അംഗീകരിക്കാൻ അദ്ദേഹം അവരെ ക്ഷണിച്ചു. അവനല്ലാത്തവരെ ആരാധിക്കുന്നത് വിലക്കുകയും ചെയ്തു.

47,48). (അങ്ങനെ അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുത്തേക്ക് ചെന്നപ്പോൾ അവരതാ അവയെ കളിയാക്കി ചിരിക്കുന്നു) അതായത്, അവരതിനെ തള്ളുകയും നിഷേധിക്കുകയും അക്രമപരമായും ധിക്കാരപരമായും പരിഹസിക്കുകയും ചെയ്തു. ദൃഷ്ടാന്തങ്ങളുടെ കുറവോ അവ്യക്തതയോ ഒട്ടും ഉണ്ടായിട്ടുമില്ല. അതാണ് അല്ലാഹു പറഞ്ഞത്: (അവർക്ക് നാം ഓരോ ദൃഷ്ടാന്തവും കാണിച്ചു കൊടുത്തുകൊണ്ടിരുന്നത് അതിന്റെ ഇണയെക്കാൾ

മഹത്തരമായിക്കൊണ്ടുതന്നെയാകുന്നു) ആദ്യം വന്നതിനെക്കാൾ മഹത്ത്വമുള്ളതായിരുന്നു ശേഷം വന്നത്. (നാം അവരെ ശിക്ഷകൾ മുഖേന പിടികൂടുകയും ചെയ്തു) വെട്ടുകിളി, തവള, പേൻ, രക്തം പോലെയുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളായിരുന്നു അത്. (അവർ മടങ്ങുവാൻ വേണ്ടി) ഇസ്‌ലാമിലേക്ക് മടങ്ങാനും കീഴ്പ്പെടാനും അവരുടെ ശിർക്കും ദോഷവും ഒഴിവാകുവാനും.

49) (അവർ പറഞ്ഞു). ശിക്ഷ ഇറങ്ങിയപ്പോൾ (ഹേ, ജാലവിദ്യക്കാരാ) അവൻ ഉദ്ദേശിച്ചത് മൂസാ നബി(അ)യെയാണ്. ഒരുപക്ഷേ, ഈ അഭിസംബോധനയിലൂടെ അദ്ദേഹത്തെ പരിഹസിക്കുകയാവാം. അല്ലെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം ഇത് പ്രശംസയുമാകാം. അവർ പണ്ഡിതന്മാരെന്ന് വാദിക്കുന്നവരെ അവർ അഭിസംബോധന ചെയ്യാറുള്ള അതേ അഭിസംബോധനയിലൂടെ അവർ അദ്ദേഹത്തെ ബഹുമാനിക്കുകയുമായിരിക്കും. തുടർന്നവർ പറയുന്നു: (താങ്കളുമായി താങ്കളുടെ രക്ഷിതാവ് കരാർ ചെയ്തിട്ടുള്ളതനുസരിച്ച് ഞങ്ങൾക്കുവേണ്ടി താങ്കൾ അവനോട് പ്രാർഥിക്കുക. താങ്കൾക്ക് അല്ലാഹു നൽകിയ സവിശേഷമായ അനുഗ്രങ്ങളും സ്ഥാനങ്ങളും ഉള്ളതിനാൽ ശിക്ഷ നീങ്ങിക്കിട്ടാൻ താങ്കൾ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണം. (തീർച്ചയായും ഞങ്ങൾ നേർമാർഗം പ്രാപിക്കുന്നവർ തന്നെയാകുന്നു).

51). (ഫിർഔൻ തന്റെ ജനങ്ങൾക്കിടയിൽ ഒരു വിളംബരം നടത്തി) അസത്യത്തിൽ അഹങ്കരിച്ചും അധികാരത്തിൽ വഞ്ചിതനായും സമ്പത്തിലും സൈന്യത്തിലും അതിരു കവിഞ്ഞും. (ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ?) ഈജിപ്തിന്റെ നിയന്ത്രണാധികാരങ്ങൾ എനിക്കല്ലേ? (ഈ നദികൾ ഒഴുകുന്നതാകട്ടെ എന്റെ കീഴിലൂടെയാണ്) നൈൽ നദിയിൽനിന്ന് കൈവഴികളായി ഒഴുകുന്ന നദികൾ കൊട്ടാരത്തിന്റെയും തോട്ടങ്ങളുടെയും മധ്യത്തിലൂടെയാണ് ഒഴുകുന്നത്. (എന്നിരിക്കെ നിങ്ങൾ കണ്ടറിയുന്നില്ലേ?) ഈ വിശാലമായ ആധിപത്യത്തെ? ഇതവന്റെ അങ്ങേയറ്റത്തെ അജ്ഞതയാണ്. തന്റേതല്ലാത്ത ചില കാര്യങ്ങളിലാണ് അവൻ അഹങ്കരിക്കുന്നത്. അവന്റെ നല്ല പ്രവർത്തനങ്ങളിലോ സ്വഭാവഗുണങ്ങളിലോ ഒന്നുമല്ല അവൻ അഭിമാനം കൊള്ളുന്നത്.

52). (അല്ല ഹീനനും വ്യക്തമായി സംസാരിക്കാൻ കഴിയാത്തവനുമായ ഇവനെക്കാൾ ഉത്തമൻ ഞാൻ തന്നെയാകുന്നു) അല്ലാഹു അവനെ നശിപ്പിക്കട്ടെ. ഇവിടെ അവൻ ഹീനൻ എന്നതുകൊണ്ട് ഉദ്ദേശിച്ചത്, അല്ലാഹുവിന്റെ അടുക്കൽ പ്രശസ്തനും പരമകാരുണികൻ സംസാരിച്ചവനും ഇംറാന്റെ മകനുമായ മൂസാ നബി(അ)യെയാണ്. ചുരുക്കത്തിൽ ഞാൻ പ്രതാപിയും മൂസാ(അ) നിന്ദ്യനും നിസ്സാരനും ഹീനനുമാകുന്നു. അപ്പോൾ ഞങ്ങളിൽ ആരാണ് ഉത്തമൻ? അതോടൊപ്പം അവൻ (സംസാരിക്കാൻ കഴിയാത്തവനും) മനസ്സിലുള്ള കാര്യം പ്രകടിപ്പിക്കാൻ സംസാര വാചാലതയും ഇല്ല. സംസാര വൈഭവമില്ലെങ്കിലും മനസ്സിലുള്ളത് പറയാൻ കഴിയുന്നുവെങ്കിൽ അതൊരു ആക്ഷേപമായി പറയേണ്ടതുമില്ല.

53). പിന്നീട് ഫിർഔൻ പറഞ്ഞു: (അപ്പോൾ ഞങ്ങൾ അവന്റെമേൽ സ്വർണവളകൾ അണിയിക്കപ്പെടാത്തതെന്താണ്?) വളകളും ആഭരണങ്ങളും കൊണ്ട് അലങ്കാരങ്ങൾ സ്വീകരിച്ചവനാകാത്തതെന്താണ് മൂസാ? (ഇവനോടൊപ്പം തുണയായിക്കൊണ്ട് മലക്കുകൾ വരികയോ ചെയ്യാത്തതെന്താണ്?) മൂസായുടെ പ്രബോധനത്തെ സഹായിക്കാനും അദ്ദേഹത്തിന്റെ വാക്കുകളെ ശക്തിപ്പെടുത്താനും.

54). (അങ്ങനെ ഫിർഔൻ തന്റെ ജനങ്ങളെ വിജയികളാക്കി അവർ അവനെ അനുസരിച്ചു). ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചു ഫിർഔൻ തന്റെ ജനതയെ വിഡ്ഢികളാക്കി. ഇവയൊന്നും സത്യത്തിനോ അസത്യത്തിനോ തെളിവല്ല. ബുദ്ധിപരമായി അതീവ ദുർബലമായവർ മാത്രമെ വഞ്ചിതരാകൂ. ഈജിപ്തിലെ നദികളൊഴുകുന്നത് ഫിർഔനിന്റെ കീഴിലാണെന്നതിനും അവയുടെ ആധിപത്യം അവനാണെന്നതിനും എന്ത് തെളിവാണുള്ളത്? ആഭരണങ്ങൾ-സ്വർണവളകൾ-അണിഞ്ഞില്ല എന്നതും സംസാരിക്കാൻ വാചാലതയില്ലെന്നതും അനുചരന്മാർ കുറവാണെന്നതും മൂസാനബി (അ) കൊണ്ടുവന്നത് ശരിയല്ലെന്ന് പറയാൻ തെളിവാകുന്നതെങ്ങനെ? ബുദ്ധിയില്ലാത്ത ഒരു ജനതയെ അവനു കിട്ടി. സത്യത്തിലും അസത്യത്തിലുമെല്ലാം അവർ അവനെ പിന്തുടരുന്നു. (തീർച്ചയായും അവർ അധർമകാരികളായ ഒരു ജനതയായിരുന്നു) കാരണം ഫിർഔൻ അവർക്ക് സൗകര്യം ചെയ്തുകൊടുത്തു. തിന്മയും ശിർക്കും അവർക്ക് ഭംഗിയായി കാണിച്ചുകൊടുക്കുകയും ചെയ്തു.

55) (അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ) അവരുടെ പ്രവർത്തനങ്ങൾമൂലം അവർ നമ്മെ പ്രകോപിപ്പിച്ചു. (നാം അവരെ ശിക്ഷിച്ചു. അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു. അങ്ങനെ അവരെ നാം ഒരു പൂർവ മാതൃകയും പിന്നീട് വരുന്നവർക്ക് ഒരു ഉദാഹരണവും ആക്കിത്തീർത്തു) ഗുണപാഠമുൾക്കൊള്ളുന്നവർ അവരിൽനിന്നും ഗുണപാഠമുൾക്കൊള്ളാനും അവരുടെ അവസ്ഥയെക്കുറിച്ച് ഉൽബുദ്ധരാകാനും.

57) അല്ലാഹു പറയുന്നു: (മർയമിന്റെ മകൻ ഒരു ഉദാഹരണമായി എടുത്തുകാണിക്കപ്പെട്ടപ്പോൾ) അദ്ദേഹത്തെ ആരാധിക്കുന്നതിനെ വിലക്കുകയും അതിനെ അല്ലാഹുവിന് തുല്യന്മാരെ ഉണ്ടാക്കുകയും ബിംബാരാധന നടത്തുകയും ചെയ്യുന്നതുപോലെയാക്കി. (നിന്റെ ജനത) നിന്നെ കളവാക്കുന്നവർ. (അതിനാൽ) ഈ ഉദാഹരണം പറഞ്ഞതിന്റെ കാരണത്താൽ. (അവർ ആർത്തുവിളിക്കുന്നു) നിന്നോടുള്ള തർക്കത്തിൽ അവർ ബഹളം വെക്കുകയും അട്ടഹസിക്കുകയും തങ്ങളുടെ തെളിവുകളിൽ തങ്ങൾ വിജയിച്ചെന്ന് വാദിക്കുകയും ചെയ്യുന്നു.



# ഉബയ്യുബ്നു കഅ്ബ്(റ)

അബൂഫായിദ

ഖസ്റജ് ഗോത്രത്തിൽ പെട്ട അൻസ്വാരിയായിരുന്നു ഉബയ്യുബ്നു കഅ്ബ്(റ). അക്വബ ഉടമ്പടിയിലും ബദ്റിലുമൊക്കെ പങ്കെടുത്ത അദ്ദേഹം മുൻകാല സ്വഹാബിമാരിൽ പ്രഥമഗണനീയനായിത്തീർന്നു. നബി(സ്വ) അദ്ദേഹത്തെ അൻസ്വാരികളുടെ രാജാവ് എന്ന് വിളിക്കുമായിരുന്നു. ഉമർ(റ) മുസ്ലിംകളുടെ നേതാവ് എന്നായിരുന്നു അദ്ദേഹത്തെ വിളിച്ചിരുന്നത്.

നബി(സ്വ)യുടെ എഴുത്തുകാരിൽ ഒരാളായിരുന്ന അദ്ദേഹം ക്വുർആൻ ഹൃദിസ്ഥമാക്കിയവരിൽ ഒരാളുമായിരുന്നു. നന്നായി ക്വുർആൻ പാരായണം ചെയ്യുമായിരുന്നു.

ഒരിക്കൽ നബി(സ്വ) അദ്ദേഹത്തോട് പറഞ്ഞു: "ഉബയ്യേ, നിന്നെക്കൊണ്ട് ക്വുർആൻ മനഃപാഠം പരിശോധിപ്പിക്കാൻ അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു." ഉബയ്യ്(റ) സന്തോഷത്തോടെ ചോദിച്ചു: "നബിയേ, അല്ലാഹു എന്റെ പേര് എടുത്തുപറഞ്ഞിരിക്കുന്നോ?" നബി(സ്വ) പറഞ്ഞു: "അതെ, നിന്റെ പേരും തറവാടും അത്യുന്നതലോകത്ത് എടുത്തുപറയപ്പെട്ടിരിക്കുന്നു." പരിശുദ്ധ ക്വുർആനും ഉബയ്യും തമ്മിലുള്ള ബന്ധം നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം.

അദ്ദേഹം നബി(സ)യുമായുള്ള ദീർഘകാല ബന്ധത്തിനിടയിൽ ഇഷ്ട സഹചാരികളിൽ മുമ്പനായിത്തീർന്നു. മരണം വരെയും അദ്ദേഹത്തിന്റെ ജീവിതത്തിൽ ആരാധനയിലും ഭക്തിയിലും ത്യാഗത്തിലും അണുഅളവ് വ്യതിയാനം കാണപ്പെട്ടില്ല. അദ്ദേഹം ജനങ്ങളെ എപ്പോഴും താക്കീത് ചെയ്യുകയും നബി(സ)യുടെ കാലഘട്ടത്തെക്കുറിച്ച് അവരെ ഓർമിപ്പിക്കുകയും ചെയ്യുമായിരുന്നു.

ഉബയ്യ്(റ) ജനങ്ങളോട് സംസാരിക്കുമ്പോൾ അതീവ താൽപര്യം പകടിപ്പിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. ഒരാളിൽനിന്നും ഒരു ഐഹിക പ്രതിഫലവും പ്രതീക്ഷിക്കാതിരുന്ന അദ്ദേഹം തന്റെ മതത്തിന്റെ കാര്യത്തിൽ ആരെയും ഭയപ്പെട്ടില്ല.

ഇസ്ലാമിക രാഷ്ട്രത്തിന്റെ പരിധി വ്യാപിക്കുകയും സാമ്പത്തിക പുരോഗതി കൈവരിക്കുകയും ചെയ്തപ്പോൾ സാധാരണക്കാരായ പൊതുജനങ്ങളുടെ ജീവിതനിലവാരത്തിൽ മാറ്റം വന്നു. അവർ ഭരണാധികാരികൾക്ക് അനർഹമായ അംഗീകാരവും പ്രശംസകളും നൽകിത്തുടങ്ങി. അതിനെക്കുറിച്ച് ഉബയ്യ്(റ) ഒരിക്കൽ ഗൗരവപൂർവം പറഞ്ഞു: "അവർ സ്വയം നശിക്കുന്നു, നശിപ്പിക്കുകയും ചെയ്യുന്നു. അവർ നശിക്കുന്നതിലല്ല ഞാൻ ദുഃഖിക്കുന്നത്; അവർ കാരണം വഴിപിഴക്കുന്നവരെ ഓർക്കുമ്പോഴാണ് എനിക്ക് ദുഃഖം."

എപ്പോഴും അല്ലാഹുവിനെ ഓർത്തു കണ്ണുനീർ വാർക്കുമായിരുന്നു അദ്ദേഹം! ക്വുർആൻ സൂക്തങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഉരുവിടുകയും ചെയ്യുമായിരുന്നു.

"നബിയേ, താങ്കൾ അവരോട് പറയുക. നിങ്ങളുടെ ഉപരിതലത്തിൽ നിന്നോ പാദങ്ങൾക്കടിയിൽ നിന്നോ നിങ്ങളുടെ മേൽ ശിക്ഷയിറക്കാൻ കഴിവുള്ളവനാകുന്നു അവൻ..." എന്ന ആയത്ത് ആവർത്തിച്ചാവർത്തിച്ച് ഉരുവിടുകയും കണ്ണുനീർ വാർക്കുകയും ചെയ്യുമായിരുന്നു അദ്ദേഹം.

ഒരിക്കൽ നബി(സ്വ) ഉബയ്യിനോട് ചോദിച്ചു: "അബുൽ മുൻദിർ, ക്വുർആനിൽ ഏത് ആയത്താണ് അതിശ്രേഷ്ഠമായത്?" ഉബയ്യ്(റ) പറഞ്ഞു: "അല്ലാഹുവിനും അവന്റെ പ്രവാചകന്നും മാത്രമെ അറിയൂ." നബി(സ്വ) ആ ചോദ്യം ആവർത്തിച്ചപ്പോൾ ഉബയ്യ്(റ) പറഞ്ഞു: "അല്ലാഹു ലാഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ക്വയ്യും' എന്ന ആയത്താകുന്നു ശ്രേഷ്ഠമായത്. മറുപടി കേട്ട നബി(സ്വ) അദ്ദേഹത്തിന്റെ നെഞ്ചിൽ തടവിക്കൊണ്ട് പ്രസന്നവദനനായി പറഞ്ഞു: "വിജ്ഞാനം നിന്നെ സൗഭാഗ്യവാനാക്കട്ടെ." ആ പ്രാർഥന ഫലം കണ്ടു. അദ്ദേഹം പ്രഗത്ഭനായ പണ്ഡിതനായിത്തീർന്നു. ഹിജ്റ 17ൽ മദീനയിൽവച്ച് ഉബയ്യ്(റ) ഇഹലോകവാസം വെടിഞ്ഞു. ■

വില: ₹280+₹360+₹420=₹1060

ഒരുമിച്ച് ബുക്ക് ചെയ്യുന്നവർക്ക്:

₹860

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅ്‌വത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽകൂട്ടാണെന്നതിൽ സംശയമില്ല.

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം

## വിമർശകരും വസ്തുതകളും

**ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ**

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 NOVEMBER 26

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,
ഏഴാം
വയസ്സിലേക്ക്...

WISDOM
ISLAMIC ORGANIZATION




ഒറ്റ പ്രതി ₹12
വാർഷിക വരിസംഖ്യ: ₹624
പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി
നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

പ്രചാരണ മാസം
2022 നവംബർ: 10 - ഡിസംബർ: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 9207965244 | mail@nerpatham.com | www.nerpatham.com